2025 MARCH
03
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ബ്ലൂഗോസ്റ്റ് ചന്ദ്രനിലിറങ്ങി
## സ്വകാര്യ ബഹിരാകാശ ഗവേഷണത്തിൽ നിർണായക നേട്ടം

**ടെക്സ്സാസ്:** സ്വകാര്യ സ്ഥാപനമായ ഫയർഫ്ളൈ എയ്റോസ്പേസിന്റെ ബ്ലൂ ഗോസ്റ്റ് പേടകം വിജയകരമായി ചന്ദ്രനിലിറങ്ങി. സ്വകാര്യ ബഹിരാകാശ ഗവേഷണ രംഗത്തെ നാഴികക്കല്ലെന്ന് വിശേഷിപ്പിക്കുന്ന നേട്ടമാണിത്. ദൗത്യം വിജയകരമായിരുന്നുവെന്ന് ഫയർഫ്ളൈ മിഷൻ കൺട്രോൾ സ്ഥിരീകരിച്ചു. ഞങ്ങൾ ചന്ദ്രനിലെത്തി, എന്നായിരുന്നു ഫയർഫ്ളൈയുടെ വാക്കുകൾ.



പേടകം വിജയകരമായി ചന്ദ്രോപരിതലത്തിൽ ഇറക്കുന്ന രണ്ടാമത്തെ സ്വകാര്യ കമ്പനിയാണ് ഫർഫ്ളൈ. 2024 ഫെബ്രുവരിയിൽ അമേരിക്കൻ എയ്റോസ്പേസ് കമ്പനിയായ ഇന്റ്യൂറ്റീവ് മെഷീൻസ് ഈ നേട്ടം കൈവരിച്ചിരുന്നു.

ചന്ദ്രനിലേക്കുള്ള 45 ദിവസത്തെ യാത്രയ്ക്കിടെ ഭൂമിയുടെയും ചന്ദ്രന്റെയും ചിത്രങ്ങൾ ബ്ലൂ ഗോസ്റ്റ് അയച്ചിരുന്നു. രണ്ടു മീറ്റർ ഉയരമുള്ള ലാൻഡർ മാർച്ച് ആദ്യം ചന്ദ്രനിലെ വടക്കൻ അക്ഷാംശങ്ങളിലെ മാരേ ക്രിസിയത്തിലാണ് ഇറങ്ങിയത്. നാസയ്ക്ക് വേണ്ടി പത്തു പരീക്ഷണ ദൗത്യങ്ങളാണ് ഫയർഫ്ളൈ ലക്ഷ്യമിടുന്നത്. മറ്റ് ഗ്രഹങ്ങളിൽ നിന്നു സാമ്പിളുകൾ ശേഖരിക്കുന്നതിനായി വികസിപ്പിച്ച പ്ലാനറ്റ് വാക്ക് (എൽപിവി) എന്ന ഉപകരണത്തിന്റെ പരീക്ഷണമാണ് പ്രധാനം.

ഹൈ ടെക്ക് വാക്വം ക്ലീനറാണ് എൽപിവി. മർദ്ദം ഉപയോഗിച്ച് വാതകം പുറത്തേക്ക് വിട്ട് ഗ്രഹങ്ങളുടെ ഉപരിതലത്തിലെ മണ്ണ് ഇളക്കി ഉയർത്തും. ഒരു ചെറിയ ചുഴലിക്കാറ്റ് പോലെ അന്തരീക്ഷത്തിലേക്ക് ഉയരുന്ന മണ്ണും കല്ലും വാക്വം ഉപയോഗിച്ച് കണ്ടെയ്നറിലേക്ക് വലിച്ചെടുക്കുകയുമാണ് ഇത് ചെയ്യുക. ഒരു സെന്റീമീറ്റർ വലിപ്പമുള്ള വസ്തുക്കൾ വരെ ശേഖരിക്കാനാവും. എൽപിവി ഉൾപ്പടെ ഏഴ് ശാസ്ത്രീയ ഉപകരണങ്ങളാണ് ഫയർഫ്ളൈ ബ്ലൂ ഗോസ്റ്റ് ലാൻഡറിൽ ഉള്ളത്.

# ഓഹരി വിപണി തട്ടിപ്പ്: സെബി മുൻ ചെയർപേഴ്സണെതിരെ കേസെടുക്കാൻ നിർദേശം



**മുംബൈ:** സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് (സെബി) മുൻ ചെയർപേഴ്സൺ മാധബി പുരി ബുച്ചിനെതിരേയും മറ്റ് അഞ്ച് ഉദ്യോഗസ്ഥർക്കുമെതിരേ കേസെടുക്കാൻ കോടതി ഉത്തരവ്. മുംബൈയിലെ അഴിമതി വിരുദ്ധ ബ്യൂറോയ്ക്കാണ് പ്രത്യേക കോടതി നിർദേശം.

സ്പെഷ്യൽ ആൻറികറപ്ഷൻ ബ്യൂറോ (എസിബി) കോടതിയാണ് നിർദേശം നൽകിയിരിക്കുന്നത്. സെബി ഡയറക്ടർ ബോർഡ് അംഗമായിരിക്കെ ഓഹരി വിപണി തട്ടിപ്പ് നടത്തിയെന്നാണ് ആരോപണം.

ഓഹരി വിപണിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മാധബിക്കെതിരേ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്നും നീതിയുക്തവും നിഷ്പക്ഷവുമായ അന്വേഷണം ആവശ്യമാണെന്നും എസിബി കോടതി ജഡ്ജ് എസ്.ഇ. ബങ്കാർ പ്രസ്താവിച്ചു. സ്പെഷ്യൽ ആൻറി കറപ്ഷൻ ബ്യൂറോയോട് 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

സെബിയുടെ മുഴുവൻ സമയ അംഗങ്ങളായ അശ്വനി ഭാട്ടിയ, അനന്ത് നാരായൺ, കമലേഷ് ചന്ദ്ര വർഷ്ണി, ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് (ബിഎസ്ഇ) സിഇഒ സുന്ദരരാമൻ രാമമൂർത്തി, മുൻ ചെയർമാനും പൊതുതാൽപ്പര്യ ഡയറക്ടറുമായ പ്രമോദ് അഗർവാൾ എന്നിവർക്കെതിരേ കേസെടുക്കാനാണ് കോടതി നിർദ്ദേശം നൽകിയത്.

കാൾസ് റിഫൈനറീസ് സ്റ്റോക്ക് എക്സ്ചേഞ്ച് ലിസ്റ്റിങ്ങിൽ വൻ സാമ്പത്തിക തട്ടിപ്പും അഴിമതിയും ആരോപിച്ച് താനെയിൽ പ്രവർത്തിക്കുന്ന പത്രപ്രവർത്തകൻ സപൻ ശ്രീവാസ്തവ സമർപ്പിച്ച ഹർജിയിലാണ് കോടതി ഉത്തരവ്. മാനദണ്ഡങ്ങൾ പാലിക്കാത്ത ഒരു കമ്പനിയുടെ ലിസ്റ്റിങ് അനുവദിച്ചുകൊണ്ട് കോർപ്പറേറ്റ് തട്ടിപ്പിന് മാധബിയടക്കം അഞ്ച് പേരും വഴിയൊരുക്കിയെന്നാണ് കേസിലെ പ്രധാന ആരോപണം.

നീതിനിർവഹണ ഏജൻസികളുടെയും സെബിയുടെയും നിഷ്ക്രിയത്വമാണ് കോടതി ഇടപെടലിലേക്ക് കാര്യങ്ങൾ എത്തിച്ചതെന്നും വിധിയിൽ ജഡ്ജി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിരവധി തവണ പൊലീസ് സ്റ്റേഷനുകളിലും സെബിയെയും സമീപിച്ചിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ലെന്ന് പരാതിക്കാരൻ കോടതിയോട് പറഞ്ഞു.

# ഗാസയിലേക്കുള്ള സഹായങ്ങൾ ഇസ്രയേൽ തടഞ്ഞു; കൂടുതൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നു മുന്നറിയിപ്പ്

**ടെൽ അവീവ്:** ഗാസ മുനമ്പിലേക്കുള്ള എല്ലാ സഹായങ്ങളുടെയും വിതരണം ഇസ്രയേൽ തടഞ്ഞു. വെടിനിർത്തൽ കരാർ നീട്ടാനുള്ള യുഎസ് നിർദേശം അംഗീകരിച്ചില്ലെങ്കിൽ കൂടുതൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു അറിയിച്ചു. സഹായങ്ങൾ എത്തിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട ഇസ്രയേൽ - ഹമാസ് വെടിനിർത്തൽ കരാറിന്റെ ആദ്യ ഘട്ടം അവസാനിച്ചതിനെ തുടർന്നാണ് സഹായങ്ങൾ തടഞ്ഞത്. സഹായങ്ങളുടെ വിതരണം പൂർണമായി തടയുമോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

ഗാസ വെടിനിർത്തലിന്റെ രണ്ടാംഘട്ട ചർച്ചകൾ എങ്ങുമെത്താതെ പിരിഞ്ഞിരുന്നു. ജനുവരിയിൽ ഇസ്രയേലും ഹമാസ് ഭികരരും തമ്മിൽ മൂന്നു ഘട്ടമായുള്ള വെടിനിർത്തലിനു ധാരണയായിരുന്നെങ്കിലും രണ്ടാം ഘട്ടത്തിലേക്കു പോകുന്നതിനു പകരം ഒന്നാംഘട്ടം നാലാഴ്ച കൂടി നീട്ടാനാണ് ഇസ്രയേൽ ശ്രമിക്കുന്നത്. ഇതിനോടു യോജിക്കാൻ ഹമാസ് ഭീകരർ തയാറാകാത്തതാണു സാഹചര്യം വഷളാക്കിയിരിക്കുന്നത്. വെടിനിർത്തലിന്റെ ആദ്യ ഘട്ടം റമസാൻ വരെയോ ഏപ്രിൽ 20 വരെയോ നീട്ടാൻ യുഎസിന്റെ മധ്യപൂർവേഷ്യൻ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് നിർദേശിച്ചിരുന്നു. നിർദേശം അംഗീകരിക്കുന്നതായി ഇസ്രയേൽ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പകുതി ബന്ദികളെ ആദ്യ ദിവസവും ബാക്കി ബന്ദികളെ അവസാന വെടിനിർത്തൽ കരാറിലെത്തുമ്പോഴുമായി മോചിപ്പിക്കണമെന്നു പ്രധാനമന്ത്രിയുടെ ഓഫിസ് അറിയിച്ചു. ഇക്കാര്യത്തിൽ ഹമാസ് ഭീകരർ ഇതുവരെ പ്രതികരിക്കാൻ തയാറായിട്ടില്ല. വെടിനിർത്തൽ ചർച്ചകൾക്കു മധ്യസ്ഥത വഹിച്ച യുഎസ്, ഈജിപ്ത്, ഖത്തർ എന്നീ രാജ്യങ്ങളും പ്രതികരിച്ചിട്ടില്ല.



# ഐ.എം.എയിൽ പാലിയേറ്റീവ് കെയർ ശിൽപശാല ഇന്ന് മുതൽ

**കൊച്ചി :** പാലിയം ഇന്ത്യ പാലിയേറ്റീവ് കെയർ, സിംഗപ്പൂർ ഇന്റർനാഷണൽ ഫൗണ്ടേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ ഐ.എം.എ അരികെയുടെ സഹകരണത്തോടെ കലൂർ ഐ.എം.എ ഹൗസിൽ പാലിയേറ്റീവ് കെയറിനെക്കുറിച്ച് ശിൽപശാല സംഘടിപ്പിക്കുന്നു. ശിൽപശാലയുടെ ഉദ്ഘാടനം ഇന്ന് രാവിലെ 11ന് ഐ.എം.എ ഹൗസിൽ നടക്കും. ഇന്ത്യയിലെ പാലിയേറ്റീവ് കെയർ സേവനങ്ങൾ മികവുറ്റതാക്കുക, ആതുര സേവനരംഗത്തെ വിദഗ്ദരുമായി ഇന്ത്യയിലെയും, സിംഗപ്പൂരിലെയും ഈ രംഗത്തെ അറിവുകൾ പങ്കുവയ്ക്കുക തുടങ്ങിയവയാണ് ശിൽപശാലയുടെ ഉദ്ദേശ്യമെന്ന് അരികെ പാലിയേറ്റീവ് കെയർ ചീഫ് കോർഡിനേറ്റർ ഡോ. അതുൽ ജോസഫ് മാനുവൽ പറഞ്ഞു. സിംഗപ്പൂർ കെ.ടി.പി.എച്ച് ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഡോ. രാമസ്വാമി അഖിലേശ്വരൻ, സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി ഹെൽത്ത് സർവ്വീസ്സസിലെ ഡോ. ലിം യിംഗ് യിൻ തുടങ്ങിയവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകും. നാല് ദിവസം നീണ്ടുനിൽക്കുന്ന ശിൽപശാല വ്യാഴാഴ്ച്ച സമാപിക്കും.

# ഭവ്യ ലക്ഷ്മിക്ക് നാട്യഗുരുരത്ന പുരസ്കാരം



**കൊച്ചി:** ലഷ്വ ഇന്റർനാഷണൽ ആർട് സ്കൂൾ ഡയറക്ടറും നൃത്താധ്യാപികയുമായ കെ.എസ്. ഭവ്യ ലക്ഷ്മിക്ക് നാട്യഗുരുരത്ന പുരസ്കാരം.

ലോക റിക്കാർഡ് ലക്ഷ്യമിട്ട് മധുരൈ ശ്രീ കലാകേന്ദ്ര ആർട്ട് ആൻഡ് കൾച്ചറൽ അക്കാദമിയും മധുര തമിഴ് ഇസൈ സംഘവും സംയുക്തമായി സംഘടിപ്പിച്ച 24 മണിക്കൂർ ക്ലാസിക്കൽ നൃത്താവതരണ വേദിയിലെ ഭരതനാട്യ അവതരണത്തിനാണു പുരസ്കാരം.

മധുരയിൽ നടന്ന ചടങ്ങിൽ കലാകേന്ദ്ര ആർട്ട് ആൻഡ് കൾച്ചറൽ അക്കാദമി ഡയറക്ടർ അംസ്നി മഹാദേവൻ അവാർഡ് സമ്മാനിച്ചു. കേരള കലാമണ്ഡലത്തിൽ ഭരതനാട്യത്തിൽ ഗവേഷകയാണ് ഭവ്യ ലക്ഷ്മി.

# ചിറക്കൽ തെയ്യംഗ്യാലറി ഉദ്ഘാടനം ചെയ്തു

**കണ്ണൂർ:** കേരള ഫോക് ലോർ അക്കാദമി ആസ്ഥാനത്ത് പി കെ കാളൻ ആർട്ട് ഗ്യാലറിയിൽ ഒരുക്കിയ തെയ്യം കലയുടെ ദൃശ്യാനുഭവം പങ്കുവയ്ക്കുന്ന ആർട്ട് ഗാലറിയുടെ ഉദ്ഘാടനം രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. സമ്പന്നമായ സാംസ്കാരിക കലാ ചരിത്രത്തെ സൂക്ഷിച്ചുവെച്ച് വരുംകാലത്തിന് പകർന്നു നൽകേണ്ടത് അനിവാര്യമാണ് എന്ന് മന്ത്രി പറഞ്ഞു. അത്തരത്തിലൊരു ഉദ്യമമാണ് തെയ്യം ഗാലറി എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തെയ്യം കലാകാരന്മാരെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

കാർഷിക സർവകലാശാലയുടെ സഹകരണത്തോടെ 100 തെയ്യക്കാവുകളിലേക്ക് സമ്മർപ്പിക്കുന്ന 5000 കമുകിൻ തൈകളുടെ വിതരണോദ്ഘാടനം കെ.വി സുമേഷ് എം.എൽ.എ നിർവഹിച്ചു. കേരള ഫോക് ലോർ അക്കാദമിയ്ക്ക് പുതിയ ഓപ്പൺ ഓഡിറ്റോറിയം നിർമിക്കാൻ എംഎൽഎ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കുമെന്ന് അദ്ദേഹം അറിയിച്ചു.ഐ സി എ ആർ ഡയറക്ടർ ഡോ. വി വെങ്കിട സുബ്രഹ്മണ്യൻ മുഖ്യാതിഥിയായി. കേരള ഫോക് ലോർ അക്കാദമി ചെയർമാൻ ഒ.എസ് ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. ബാലകൃഷ്ണൻസ് കൊയ്യാൽ രചിച്ച നമ്മുടെ നാടൻ കലകൾ പുസ്തകത്തിന്റെ പുന:പ്രകാശനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കാർഷിക സർവ്വകലാശാല അസോസിയേറ്റ് ഡയറക്ടർ ഡോ. ശ്രീവത്സൻ ജെ മേനോന് നൽകി നിർവഹിച്ചു.

കമുക് കൃഷിയുടെ ശാസ്ത്രീയ രീതി എന്ന വിഷയത്തിൽ കേരള കാർഷിക സർവകലാശാല അസോസിയേറ്റ് ഡയറക്ടർ ഡോ. പി ജയരാജ് വിഷയാവതരണം നടത്തി.

45 വർഷത്തിനുശേഷം 2023ൽ നടന്ന ചിറക്കൽ പെരുങ്കളിയാട്ടത്തിൽ കെട്ടിയാടിയ തെയ്യക്കോലങ്ങളുടെ ചിത്രങ്ങൾ അനാവരണം ചെയ്യുന്ന ആർട്ട് ഗ്യാലറി പുതുതലമുറയ്ക്ക് തെയ്യം കലയുടെ വൈവിധ്യമാർന്ന ലോകത്തെക്കുറിച്ച് അറിവുകൾ പകർന്നു നൽകുന്നു.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി ജിഷ, ചിറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ശ്രുതി, വാർഡ് മെമ്പർ കസ്തൂരിലത, ഫോക് ലോർ അക്കാദമി സെക്രട്ടറി എ.വി അജയകുമാർ, വൈസ് ചെയർമാൻ കോയ കാപ്പാട്, കാർഷിക സർവകലാശാല മുൻ ഫാം സൂപ്രണ്ട് ടി.വി സുരേന്ദ്രൻ, ഫോക് ലോറിസ്റ് ചന്ദ്രൻ മുട്ടത്ത്, റിട്ട. പ്രൊഫസർ എം.എം മണി, തെയ്യം ഗാലറി നിർവാഹകൻ സജി മാടപ്പാട്ട്, പ്രോഗ്രാം ഓഫീസർ പി വി ലവ്‌ലിൻ എന്നിവർ സംസാരിച്ചു. ചെറുതാഴം രാമചന്ദ്രപ്പണിക്കരും സംഘവും അവതരിപ്പിച്ച കോതാമൂരിയാട്ടവും ശ്രീശങ്കരം തിരുവാതിര ടീം അവതരിപ്പിച്ച തിരുവാതിരകളിയും അരങ്ങേറി.




മലങ്കര ഓർത്തഡോക്സ് സഭ ആഹ്വാനം ചെയ്ത ഹരിത നോമ്പാചരണം കൊല്ലം പടിഞ്ഞാറെ കല്ലട സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ പരിസ്ഥിതി കമ്മീഷൻ പ്രസിഡൻറ് ഡോ. ജോസഫ് മാർ ദീവന്നസിയോസ് ഉദ്ഘാടനം ചെയ്യുന്നു.മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, യുഹാനോൻ മാർ തേവോദോറോസ്, ഗീവർഗീസ് മാർ പക്കോമിയോസ്, ജോൺ സി ഡാനിയേൽ, ഫാ. ഷിബു കോശി ഐസക്, ഫാ. ജോയിക്കുട്ടി വർഗീസ് എന്നിവർ സമീപം

# ജലസംരക്ഷണത്തിന്റെ പ്രാധാന്യം; ഹരിത നോമ്പിന് തുടക്കമായി

**ശാസ്താംകോട്ട :** ജലത്തിന്റെ അമിത ഉപഭോഗം തിൻമയാണെന്ന് ഓർത്തഡോക്സ് സഭ പരിസ്ഥിതി കമ്മീഷൻ പ്രസിഡന്റ് ഡോ.ജോസഫ് മാർ ദിവന്നാസിയോസ്. പാഴാക്കാതെ ഉപയോഗിക്കേണ്ട അമൂല്യ സമ്പത്താണ് ജലമെന്നും അദ്ദേഹം പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭ വലിയ നോമ്പിനോട് അനുബന്ധിച്ച് നടപ്പാക്കുന്ന ഹരിത നോമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്ത.

ജലസംരക്ഷണം എന്ന ആശയം മുൻനിർത്തി പ്രതീകാത്മകമായി കൽഭരണികളിൽ വെള്ളം പകർന്നു. കാനായിലെ കല്യാണവീട്ടിൽ യേശുക്രിസ്തു കൽഭരണികളിലെ വെള്ളം അമൂല്യമായ വീഞ്ഞാക്കി മാറ്റിയിരുന്നു. ജലമെന്ന സമ്പത്തിനെ ഭാവി തലമുറയിലേക്ക് കൈമാറണം എന്ന സന്ദേശം പകർന്നാണ് കൽഭരണികളിൽ വെള്ളം പകർന്ന് പരിസ്ഥിതി നോമ്പ് ഉദ്ഘാടനം ചെയ്തത്. നോമ്പിന്റെ 7 ആഴ്ച്ചകളിലായി ബൈബിളിനെ അടിസ്ഥാനപ്പെടുത്തിയ 7 സന്ദേശങ്ങളിലൂടെയാണ് സഭ ഹരിത നോമ്പ് ആചരിക്കുന്നത്.കൊല്ലം പടിഞ്ഞാറേ കല്ലട സെന്റ് മേരീസ് പള്ളിയിൽ നടന്ന ചടങ്ങിൽ മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ അധ്യക്ഷത വഹിച്ചു.കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ തേവോദോറോസ് മുഖ്യ സന്ദേശം നൽകി. മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ പക്കോമിയോസ്, സഭാ മാനേജിംഗ് കമ്മിറ്റി അംഗം ജോൺ സി ഡാനിയേൽ, ഇടവിക വികാരി ഫാ. ഡാനിയേൽ ജോർജ്, സഹവികാരി ഫാ.ജോൺ സാമുവേൽ, ഫാ.ഷിബു കോശി ഐസക്, ഫാ.ജോയിക്കുട്ടി വർഗീസ് എന്നിവർ പ്രസംഗിച്ചു

# കേരളത്തിൽ സ്ഫോടനാത്മകമായ സ്ഥിതിയെന്ന് കാതോലിക്കാബാവ

**കൊച്ചി :** ദൈവത്തിന്റെ സ്വന്തം നാട് ചെകുത്താന്റെ സ്വന്തം നാടായി മാറുന്നുവെന്ന് ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ.സമൂഹത്തിലെ തിൻമകളോട് പ്രതികരിക്കുക എന്നത് സഭയുടെ ഉത്തരവാദിത്വമാണ്.

തിരുത്തലുകൾ വേണ്ടി വരുമ്പോൾ സഭ ഓർമ്മിപ്പിക്കുമെന്ന് ബ്രൂവറി വിഷയത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ.സഭയ്ക്ക് രാഷ്ട്രീയമില്ല.ജനിച്ചുവീഴുന്ന കുഞ്ഞിനെയും ജൻമം നൽകിയ അമ്മയെയും കൊലപ്പെടുത്തുന്ന വാർത്തകൾ ഭയപ്പെടുത്തുന്നു. എല്ലാത്തിനും കാരണം മദ്യവും മയക്കുമരുന്നുമെന്ന് കാതോലിക്കാബാവാ. മാനസികമായ പിരിമുറുക്കത്തിലാണ് പുതുതലമുറ.എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാൻ കഴിയുന്ന പ്രഷർ കുക്കർപോലെയായി യുവജനങ്ങൾ മാറി. അവർക്ക് എന്താണ് സംഭവിച്ചതെന്ന് ആഴത്തിൽ പഠിക്കണം. പുതുതലമുറ റീൽ ലൈഫിൽ ജീവിക്കുന്നു, റിയൽ ലൈഫ് ഇല്ലതായെന്നും ബാവാ കൂട്ടിച്ചേർത്തു.

കേരളത്തിൽ സ്ഫോടനാത്മകമായ അവസ്ഥയാണ്. മദ്യം ഇത്രയധികം സുലഭമായിട്ടും വീണ്ടും മദ്യമൊഴുക്കുകയാണ് ഭരണാധികാരികൾ.ഇത് തെറ്റായ രീതിയാണ്. അടിയന്തരമായ കർമ്മപരിപാടികൾക്ക് സർക്കാർ തുടക്കം കുറിയ്ക്കണം. ലഹരിയെ ലഘൂകരിക്കുന്ന സിനിമകൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തണമെന്നും സഭാധ്യക്ഷൻ പറഞ്ഞു. കൊച്ചി കണ്ടനാട് വെസ്റ്റ് ഭദ്രാസന ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഓർത്തഡോക്സ് സഭാധ്യക്ഷൻ.

## മാലിന്യം വലിച്ചെറിയലും കത്തിക്കലും: 2820 വാട്സാപ്പ് പരാതികളിൽ നടപടി

**തിരുവനന്തപുരം:** സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുക, കത്തിക്കുക, ജലാശയങ്ങളിൽ മാലിന്യം ഒഴുക്കിവിടുക, മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുക തുടങ്ങിയവ സംബന്ധിച്ച് ലഭിച്ച വാട്സ് ആപ്പ് പരാതികളിൽ 2820 എണ്ണത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ നടപടി. 2150 എണ്ണം തീർപ്പാക്കി. 200 പരാതികളിൽ കുറ്റക്കാർക്ക് 18,72,320 രൂപ പിഴചുമത്തി. 8,92,840 രൂപ ഇതുവരെ ഈടാക്കുകയും ചെയ്തു. മാലിന്യങ്ങൾ നിയമവിരുദ്ധമായി കൈകാര്യം ചെയ്യുന്നവരെ കണ്ടെത്തുന്നതിനായി ഇക്കഴിഞ്ഞ സെപ്തംബർ മാസമാണ് 9446700800 വാട്സാപ്പ് നമ്പർ ആരംഭിച്ചത്. നമ്പർ നിലവിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നും 4818 പരാതികൾ ലഭിച്ചു. തിരിച്ചറിയാൻ കഴിയുന്ന വിവരങ്ങളുള്ള പരാതികളിന്മേലാണ് നടപടി സ്വീകരിച്ചത്. പിഴയ്ക്കു പുറമേ, നിയമലംഘനം നടത്തിയ 11 പേരുടെമേൽ പ്രോസിക്യൂഷൻ നടപടികളും പുരോഗമിക്കുകയാണ്. നിയമലംഘനം കണ്ടെത്തിയാൽ ഇതിന്മേൽ ഈടാക്കുന്ന തുകയുടെ 25 ശതമാനം പരാതിക്കാർക്ക് ലഭ്യമാക്കും. ഇതുവരെ ഇത്തരത്തിൽ 28,500 രൂപ പ്രഖ്യാപിക്കുകയും 18,000 രൂപ വിതരണം ചെയ്യുകയും ചെയ്തു. പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്ന സംഭവങ്ങളിൽ വ്യക്തികളെയോ വാഹന നമ്പറോ തിരിച്ചറിയാൻ കഴിയുംവിധം ഫോട്ടോ/വീഡിയോ പകർത്തി 9446700800 വാട്സ്ആപ്പ് നമ്പറിലേക്ക് അയയ്ക്കണമെന്ന് ശുചിത്വമിഷൻ ഡയറക്ടർ അറിയിച്ചു.

# ധീവര സഭ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** അഖില കേരള ധീവര സഭ ഇന്ന് ആർക്കും അവഗണി ക്കാൻ സാധിക്കാത്ത മഹാശ ക്തിയാണെന്ന് ഗോവ ഗവർണർ അഡ്വ.പി.എസ് ശ്രീധരൻ പിള്ള പറഞ്ഞു. അഖില കേരള ധീവ ര സഭ സുവർണ്ണ ജൂബിലി ആ ഘോഷം എറണാകുളം പണ്ഡിറ്റ് കറുപ്പൻ ജന്മശതാബ്ദി ഓഡിറ്റോ റിയത്തിൽ ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. ശക്തമാ യ അടിത്തറയുള്ള സുധീരമായി കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന സമുദായമായി ധീവര സഭ മാ റിക്കഴിഞ്ഞു. 50 വർഷക്കാലയള വിൽ നടത്തിയ അവകാശപ്പോ രാട്ടങ്ങളിൽ പൊതുജനമാവിന് യാതൊരുവിധ നഷ്ടവും വരു ത്താത്തെ സംഘടനയാണ് അ ഖില കേരള ധീവരസഭയെന്ന് അതിന്റെ നേതൃത്വം അവകാ ശപ്പെടുമ്പോൾ മറ്റു സാമുദായി ക പ്രസ്ഥാനങ്ങൾ ചിന്തിക്കേണ്ട സൂചികയാണിത്. പോസിറ്റീവി സമാണ് വേണ്ടത്.സർഗ്ഗാത്മക തയാണ് വേണ്ടത്. സർഗ്ഗാത്മക തകളുടെ സമരത്തിലൂടെ മാറ്റമു ണ്ടാക്കാൻ സാധിക്കുമെന്ന് തെ ളിയിച്ച നാടാണ് നമ്മുടേതെന്നും അഡ്വ. പി.എസ് ശ്രീധരൻ പിള്ള പറഞ്ഞു. അഖില കേരള ധീവര സഭ സംസ്ഥാന പ്രസിഡന്റ് അ ഡ്വ. യു.എസ് ബാലൻ അധ്യക്ഷ ത വഹിച്ചു. ധീവരസഭയുടെ 50 വർഷത്തെ ചരിത്രം പ്രതിപാദി ക്കുന്ന സ്മരണികയുടെ പ്രകാശ നവും 75 വയസ് പിന്നിട്ട ധീവര സഭയുടെ മുൻകാല സംസ്ഥാന കൗൺസിൽ അംഗങ്ങളെ ആദരി ക്കലും കേന്ദ്ര ഫിഷറീസ് വകുപ്പ് സഹമന്ത്രി ജോർജ്ജ് കുര്യൻ ച ടങ്ങിൽ നിർവ്വഹിച്ചു. കൊച്ചി മേ യർ അഡ്വ. എം. അനിൽകുമാർ സ്മരണികയുടെ ആദ്യ കോപ്പി ഏറ്റുവാങ്ങി. വി.ദിനകരൻ രചിച്ച ഞാൻ കണ്ട അമേരിക്ക, വി ദിന കരന്റെ നിയമസഭാ പ്രസംഗങ്ങൾ എന്നീ പുസ്തകങ്ങൾ ചടങ്ങിൽ കേന്ദ്രമന്ത്രി ജോർജ്ജ് കുര്യന് സമ്മാനിച്ചു. ഹൈബി ഈഡൻ എം.പി മുഖ്യപ്രഭാഷണം നടത്തി. എം.എൽ.എമാരായ കെ.ബാബു, ടി.ജെ വിനോദ്, പി.പി ചിത്തരഞ് ജൻ, മുൻ എം.പിമാരായ ടി. എൻ പ്രതാപൻ, ടി.ജെ ആഞ്ചലോസ്, മുൻ എം.എൽ.എ പ്രൊഫ. എ.വി താമരാക്ഷൻ, കെ.എൽ.സി.എ ജ നറൽ സെക്രട്ടറി അഡ്വ. ഷെ റി ജെ.തോമസ്, ബി.ജെ.പി ജി ല്ലാ പ്രസിഡന്റ് അഡ്വ. കെ. എ




**അഖില കേരള ധീവര സഭ സുവർണ്ണ ജൂബിലി ആഘോഷം എറണാകുളം പണ്ഡിറ്റ് കറുപ്പൻ ജന്മശതാബ്ദി ഓഡിറ്റോറിയത്തിൽ ഗോവ ഗവർണർ അഡ്വ. പി.എസ് ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യുന്നു. എം.എൽ.എമാരായ ടി.ജെ വിനോദ്, പി.പി ചിത്തരഞ്ജൻ, പ്രതാപൻ, മേയർ അഡ്വ. എം. അനിൽകുമാർ, ധീവരസഭ ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ വി.ദിനകരൻ, കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ, സംസ്ഥാന പ്രസിഡന്റ് അഡ്വ. യു.എസ് ബാലൻ, ടി.ജെ ആഞ്ചലോസ്, പ്രൊഫ. എ.വി താമരാക്ഷൻ തുടങ്ങിയവർ സമീപം.**

സ് ഷൈജു, മെക്ക ജനറൽ സെക്രട്ട റി എൻ.കെ അലി, വേദവ്യാസ വൈ ദ്യസഭാരക്ഷാധികാരി തന്ത്രിമുഖ്യൻ സുകുമാരൻ, ധീവരസഭ ജനറൽ സെ ക്രട്ടറിയും മുൻ എം.എൽ.എയുമായ വി.ദിനകരൻ,ഓർഗനൈസിംഗ് സെ ക്രട്ടറി പി.വി ജനാർദ്ദനൻ, ട്രഷറർ എ. ദാമോദരൻ, വൈസ് പ്രസിഡന്റ് പൂന്തുറ ശ്രീകുമാർ, മുൻ പ്രസിഡന്റ് പി. എൻ ബാലകൃഷ്ണൻ, സെക്രട്ട റി കെ.കെ തമ്പി തുടങ്ങിയവർ സം സാരിച്ചു.

# മൽസ്യതൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കും: കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ

**കൊച്ചി:** മൽസ്യതൊഴിലാളികളു ടെ ആശങ്കകൾ പരിഹരിച്ചു മാത്ര മെ കേന്ദ്രസർക്കാർ മുന്നോട്ടു പോ കുകയുള്ളുവെന്നും ഇക്കാര്യത്തിൽ ആർക്കും സംശയം വേണ്ടെന്നും കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോ ർജ്ജ് കുര്യൻ പറഞ്ഞു. അഖില കേ രള ധീവര സഭ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി പുറ ത്തിറക്കിയ സ്മരണികയുടെ പ്രകാ ശനവും 75 വയസ് പിന്നിട്ട ധീവര സഭയുടെ മുൻകാല സംസ്ഥാന കൗൺസിൽ അംഗങ്ങളെ ആദരി ക്കലും നിർവ്വഹിച്ചു സംസാരിക്കു കയായിരുന്നു അദ്ദേഹം. ഇന്ത്യയു ടെ അതിർത്തിക്കുള്ളിൽ ഒരു വിദേ ശ ട്രോളറുകളെയും അനുവദിക്കി ല്ലെന്നും കേന്ദ്രമന്ത്രി ജോർജ്ജ് കു ര്യൻ പറഞ്ഞു. മൽസ്യതൊഴിലാ ളികൾ നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് അവർ കടലിലേക്ക് പോ യിക്കഴിഞ്ഞാൽ കരയിലുള്ളവരു മായി യാതൊരു വിധ ബന്ധവുമില്ല എന്നതാണ്. ഇതിന് പരിഹാരമായി മൽസ്യമന്ത്രാലയവും ഐ.എസ്. ആർ.ഒയുമായി ചേർന്ന് സാറ്റലൈറ്റ് വഴി ബോട്ടിലേക്ക് സന്ദേശം നൽകു ന്നതിനുള്ള സംവിധാനം ഏർപ്പെടു ത്തുകയാണെന്നും ഇതിന്റെ ആദ്യ പടിയായി മാർച്ച് 31 ന് മുമ്പായി ഒ രു ലക്ഷം ബോട്ടുകളിൽ സൗജന്യ മായി ട്രാൻസ്പോണ്ടറുകൾ ഘ ടിപ്പിക്കുമെന്നും അദ്ദേഹം വ്യക്ത മാക്കി. കേരളത്തിൽ ആറായിരം ബോട്ടുകളിലാണ് ആദ്യം ഘടി പ്പിക്കുക. കടലിൽ തങ്ങൾ എവി ടെയാണെന്ന് മൽസ്യതൊഴിലാളി കൾക്ക് കരയിലുള്ളവർക്ക് സന്ദേ ശം നൽകാൻ ഈ ഉപകരണം വഴി സാധിക്കും. കടലിൽ വെച്ച് എന്തെ ങ്കിലും അപകടങ്ങളോ അസുഖ ങ്ങളോ ഉണ്ടായാൽ ഹെലികോപ് റുകൾ ഉൾപ്പെടെയുള്ള സംവിധാന ങ്ങൾ ഉപയോഗിച്ച് എളുപ്പത്തിൽ ര ക്ഷപെടുത്താൻ സാധിക്കും. മീൻ പിടുത്തം നടത്തുന്നതിനിടയിൽ രാജ്യത്തിന്റെ അതിർത്തി കടന്നു പോയാൽ ആ വിവരം അപ്പോൾ തന്നെ ബോട്ടിലുള്ളവരെ അറിയി ക്കും. കടലിൽ ഏതു ഭാഗത്താ ണ് മൽസ്യലഭ്യതയെന്ന വിവരവും ഈ ഉപകരണം വഴി ലഭിക്കും. ക ടലിൽ എന്തു സംഭവിച്ചാലും ഈ ഉപകരണം വഴി മൽസ്യതൊഴിലാ ളികൾക്ക് അറിയാൻ സാധിക്കും. ട്രാൻസ് പോണ്ടറുകൾ ഘടിപ്പിക്കു ന്നതിനായി വരുന്ന ചിലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശ തമാനം സംസ്ഥാന സർക്കാരും വ ഹിക്കുമെന്നും അദ്ദേഹം വ്യക്തമാ ക്കി. കാലാവസ്ഥാ വ്യതിയാനത്തെ ക്കുറിച്ച് അറിയുന്നതിനായുള്ള ആധുനിക സെന്ററുകൾ സ്ഥാപി ക്കുന്നതിനുള്ള നടപടികളുമായും സർക്കാർ മുന്നോട്ടു പോകുകയാ ണ്. ഇതിനായി കേരളത്തിൽ 36 വി ല്ലേജുകളെയാണ് കണ്ടെത്തിയിട്ടു ള്ളതെന്നും അദ്ദേഹം പറഞ്ഞു. 200 നോട്ടിക്കൽ മൈലിൽ മീൻപിടിക്കു ന്നതിനായി ഷിപ്പിംഗ് മന്ത്രാലയുമാ യി ചേർന്ന് ആധുനിക സംവിധാന മുള്ള വലിയ വെസലുകൾ നിർമ്മി ച്ച് മൽസ്യതൊഴിലാളികൾക്ക് നൽ കുമെന്നും കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു.

# സൗരോർജ തൂക്കുവേലി വന്യജീവി സംഘർഷം ലഘൂകരിക്കും: മന്ത്രി

## തൂക്കുവേലി നിർമ്മാണോദ്ഘാടനം നിർവഹിച്ചു

**കോതമംഗലം:** സൗരോർജ്ജ തൂ ക്കുവേലി സ്ഥാപിക്കുന്നതോടെ വേ ങ്ങൂർ, പിണ്ടിമന, കോട്ടപ്പടി പഞ്ചായ ത്തുകളിലെ മനുഷ്യവന്യജീവി സം ഘർഷം ലഘൂകരിക്കപ്പെടുമെന്ന് വ നം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. മൂന്ന് ഗ്രാമപഞ്ചായത്തുക ളിലൂടെ 30 കിലോമീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ തൂക്കു വേലിയുടെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായി ശ ശീന്ദ്രൻ.

മനുഷ്യവന്യജീവി സംഘർഷം ല ഘൂകരിക്കുന്നതിന് വേണ്ടിയുള്ള സം സ്ഥാന സർക്കാർ പദ്ധതികളുടെ ഭാ ഗമായി കേരള വനം വന്യജീവി വ കുപ്പ് നബാർഡിന്റെ സഹായത്തോ ടെ 3.73 കോടി രൂപ ചെലവിൽ തു കയിൽ മലയാറ്റൂർ ഡിവിഷനിൽ കോട്ടപ്പാറ റിസർവിന് ചുറ്റുമായി അ യനിച്ചാൽ മുതൽ പാണിയേലി വ രെയാണ് സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നത്.

കോതമംഗലം മേഖലയിൽ മനു ഷ്യവന്യജീവി സംഘർഷം ഒഴിവാ ക്കുന്നതിനായി ഏകദേശം ഏഴ് കോ ടിയോളം രൂപയുടെ വിവിധ പദ്ധതി കൾ ആവിഷ്കരിച്ച് നടപ്പിലാക്കിയി ട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നതന്നും പദ്ധതികൾ നടപ്പിലായ പ്രദേശത്ത് പ്രശ്നങ്ങൾ കുറഞ്ഞിട്ടുണ്ടെന്നും മ ന്ത്രി പറഞ്ഞു.

എന്നാൽ ഇതുകൊണ്ടൊന്നും പ്രവർത്തനങ്ങൾ തീരുന്നില്ല. നിർ മ്മിത ബുദ്ധിയെ അടിസ്ഥാനമാക്കി വയനാട്ടിൽ പരീക്ഷിച്ച് വിജയം ക ണ്ട നൂതന വേലി സംവിധാനം കോതമംഗലത്തും സ്ഥാപിക്കുകയാ ണ്. ആദ്യഘട്ടത്തിൽ 500 മീറ്റർ നീ ളത്തിലാണ് എ.ഐ വേലി സ്ഥാപി ക്കുന്നത്. രണ്ടാം ഘട്ടത്തിൽ 450 മീ റ്ററിലും. താരതമ്യേന ചെലവ് കൂടിയ തും എന്നാൽ ഏറെ ഫലപ്രദവുമാ യ ഈ രീതി കൊച്ചിൻ ഷിപ്പ് യാർ ഡിന്റെ സി.എസ്.ആർ ഫണ്ട് വിനി യോഗിച്ചാണ് നടപ്പിലാക്കുന്നതെ ന്നും ശശീന്ദ്രൻ പറഞ്ഞു. വടക്കുംഭാ ഗം സെന്റ് ജോർജ്ജ് ഹോറേബ് യാ ക്കോബായ സുറിയാനിപള്ളി ഓഡി റ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആന്റ ണി ജോൺ എം.എൽ.എ അധ്യക്ഷന ായി. കോതമംഗലം ബ്ലോക്ക് പഞ്ചാ യത്ത് പ്രസിഡന്റ് പി.എ.എം ബഷീർ, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് പ്രസി ഡന്റ് മിനി ഗോപി, വേങ്ങൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശില്പ സു ധീഷ്, പിണ്ടിമന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെസ്സി സാജു, ജില്ലാ പഞ്ചായത്ത് അംഗം റഷീദ സലീം, ഡി.എഫ്.ഒ മാരായ രവികുമാർ മീണ, എ.വെങ്കിടേശ്വരൻ, ആർ ലക്ഷ്മി, മ ലയാറ്റൂർ ഡിവിഷൻ എ.ഡി.സി. എ ഫ് ആർ. സന്തോഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ആശ അ ജിൻ, ലിസി ജോസഫ്, കോട്ടപ്പടി ഗ്രാ മപഞ്ചായത്ത് മെമ്പർമാരായ സന്തോ ഷ് അയ്യപ്പൻ, അഡ്വ. ബിജി.പി.ഐ സക്ക്, സണ്ണി വർഗീസ്, സാറാമ്മ ജോൺ, പിണ്ടിമന ഗ്രാമപഞ്ചായത്ത് മെമ്പർ സിബി പോൾ, എസ്.എം അ ലിയാർ,വേങ്ങൂർ പഞ്ചായത്ത് മെമ്പർ മാരായ ശ്രീജ ഷിജോ, ബേസിൽ ക ല്ലറയ്ക്കൽ, രാഷ്ട്രീയ പ്രതിനിധിയായ കെ.എ ജോയി, സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറ സ്റ്റ് ഡോ. ആർ. ആടലരശൻ, മലയാ റ്റൂർ ഡി.എഫ്.ഒ കുറ ശ്രീനിവാസ് എ ന്നിവർ ചടങ്ങിൽ പങ്കെടുത്തു

# കൊല്ലത്ത് വീ പാർക്ക് തുറന്നു

**കൊല്ലം:** എസ്.എൻ കോളേജ് ജങ്ഷൻ സമീപം റെയിൽവേ മേൽപാലത്തിന്റെ അടിവശം സൗന്ദര്യവത്കരിച്ച് ഒരുക്കിയ വീ പാ ർക്കിന്റെ ഉദ്ഘാടനം മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു. രാജ്യത്ത് ആദ്യമായി പൊതുമരാമത്ത് ടൂറിസം മേഖലയിൽ ഡി സൈൻ നയം നടപ്പാക്കിയ സംസ്ഥാനം കേരളമാണെന്ന് പ്രഖ്യാപി ക്കുന്നതിന്റെ ഭാഗമായാണ് പാലങ്ങൾക്കടിയിലുള്ള സ്ഥലം ജന ങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റുന്നതെന്ന് മന്ത്രി പറ ഞ്ഞു. ഇതുപോലെയുള്ള പൊതുഇടങ്ങൾ സൃഷ്ടിക്കുന്നതിലൂടെ ല ഹരിയുടെ ഉപയോഗം പരിധി വരെ കുറക്കാൻ സാധിക്കും. സഹ കരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തി കൾ എന്നിവരുമായി കൈകോർത്ത് കേരളത്തിലെ നൂറിലധികം പ ാലങ്ങൾക്കടിയിലെ സ്ഥലം ഇതുപോലെ ഉപയോഗപ്പെടുത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഉപയോഗശൂന്യമായി കിടക്കുന്ന ഇടങ്ങൾ സമൂഹത്തിന് ഉപ കാരപ്പെടുന്ന രീതിയിൽ മാറ്റിയെടുക്കണമെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. കൊല്ലം നഗര ഹൃദയത്തിലേ ക്ക് പ്രവേശിക്കുന്നതിന് മുമ്പുള്ള വികസനത്തിന്റെ പ്രതിച്ഛായയായി വീ പാർക്ക് നിലനിൽക്കുമെന്ന് മൃഗസംരക്ഷണ, ക്ഷീര വികസന മ ന്ത്രി ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തെ മേൽപാലങ്ങളുടെ അടിഭാഗം സൗന്ദര്യവത്കരി ക്കുന്ന പദ്ധതികളിൽ ആദ്യത്തേതാണ് കൊല്ലത്ത് യാഥാർഥ്യമായ ത്. പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 70 സെന്റോളം സ്ഥലത്ത് ഒരുക്കിയ വീ പാർക്കിൽ വാക്കിങ് ട്രാക്കുകൾ, കഫറ്റീ രിയ, ബാഡ്മിന്റൺവോളിബോൾ കോർട്ടുകൾ, ചെസ് ബ്ലോക്ക്, സ് കേറ്റിങ് ഏരിയ, ഓപ്പൺ ജിം, യോഗ മെഡിറ്റേഷൻ സോൺ ഇവന്റ് സ്പേസ്, ടോയ്ലറ്റ്, പാർക്കിങ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയി ട്ടുണ്ട്. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ മേൽനോട്ട ത്തിൽ കേരള വിനോദസഞ്ചാര വകുപ്പ് രണ്ടുകോടി രൂപ ചിലവിൽ നടപ്പാക്കിയ പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ്.

ചടങ്ങിൽ എം. നൗഷാദ് എം.എൽ.എ അധ്യക്ഷത വഹിച്ചു. എൻ. കെ. പ്രേമചന്ദ്രൻ എം.പി, മേയർ ഹണി ബെഞ്ചമിൻ, ഡെപ്യൂട്ടി മേ യർ എസ്. ജയൻ എന്നിവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കോളേജുകൾ കേന്ദ്രീകരിച്ച് സ്പോർട്സ് കൗൺസിൽ രൂപീകരിക്കും: മന്ത്രി വി അബ്ദുറഹ്മാൻ

**കണ്ണൂർ:** സംസ്ഥാനത്ത് കോളേജുകൾ കേന്ദ്രീകരിച്ച് സ്പോർട്സ് കൗൺസിൽ രൂപീകരിക്കുമെന്നും ഉത്തരവ് അടുത്ത ദിവസം തന്നെ പുറത്തിറക്കുമെന്നും കായിക വകുപ്പ് മന്ത്രി വി അബ്ദുറഹ്മാൻ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ ഒരു കോടി രൂപ ഉപയോഗിച്ച് നവീകരിച്ച ബ്രണ്ണൻ കോളേജിന്റെ കളിസ്ഥലം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. യുവജനങ്ങളെ കായിക മേഖലയിൽ മുൻപന്തിയിൽ എത്തിക്കുന്നതിന് കോളേജ് ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കും. അഞ്ച് ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുക. കൂടുതൽ കായിക പരിശീലനങ്ങൾക്കും

വഴിയൊരുക്കും. വിദ്യാർത്ഥികളെ കായികക്ഷമതയുള്ളവരാക്കുകയാണ് ലക്ഷ്യം. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. ഇതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയായി വരികയാണെന്നും മന്ത്രി പറഞ്ഞു.

കായിക മേഖലയിലെ തൊഴിൽ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ യുവജനങ്ങളെ സജ്ജരാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. സായി സഹായത്തോടെ സിന്തറ്റിക് ട്രാക്കുള്ള കേരളത്തിലെ ആദ്യ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജാണ് ബ്രണ്ണൻ കോളേജ്.

സംസ്ഥാനത്തെ കായിക മേഖലയിലെ മികച്ച കോളേജിനുള്ള ജി വി രാജ അവാർഡ് നേടിയ ഏക സർക്കാർ കോളേജ്, തുടർച്ചയായി മൂന്നാം തവണയും കണ്ണൂർ സർവ്വകലാശാലയുടെ മികച്ച കോളേജിനുള്ള വൈസ് ചാൻസലേർസ്, ജിമ്മി ജോർജ്ജ് പുരസ്കാരങ്ങൾ കരസ്ഥമാക്കിയ കോളേജ് തുടങ്ങി കായിക രംഗത്ത് ബ്രണ്ണന്റെ നേട്ടങ്ങൾ പലതാണ്. 95 മീറ്റർ നീളവും 55 മീറ്റർ വീതിയുമുള്ള ഗ്രൗണ്ടിൽ വിദ്യാർഥികൾക്ക് ഫുട്ബോൾ, ബാൾ ബാഡ്മിന്റൺ, ഹോക്കി, ക്രിക്കറ്റ്, കബഡി, ഖൊ ഖൊ, വോളി ബോൾ തുടങ്ങിയ ഗെയിമുകൾ കളിക്കാനുള്ള അവസരമുണ്ട്. ഫ്ളഡ് ലിറ്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. സർവ്വകലാശാലയുടെ കീഴിൽ ഫ്ളഡ് ലിറ്റ് സംവിധാനമുള്ള ഏക സർക്കാർ കോളേജായി ഇതോടെ ബ്രണ്ണൻ കോളേജ് മാറിയിരിക്കയാണ്. ഈ വർഷത്തെ ബജറ്റിൽ ബ്രണ്ണൻ കോളേജിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് മൂന്നു കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്.

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.പി അനിത അധ്യക്ഷയായിരുന്നു. ധർമ്മടം പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ. രവി മുഖ്യാതിഥിയായി. പ്രിൻസിപ്പൽ പ്രൊഫ. ജെ വാസന്തി, സ്പോർട്സ് കേരള ഫൗണ്ടേഷൻ എക്സി. എഞ്ചിനിയർ എ.പി.എം. മുഹമ്മദ് അഷ്റഫ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് അംഗം കോങ്കി രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം പി സീമ, പഞ്ചായത്ത് അംഗം അഭിലാഷ് വേലാണ്ടി, പി.ടി.എ വൈസ് പ്രസിഡന്റ് എ.കെ. ശ്രീജിത്ത്, യൂനിയൻ ചെയർപേഴ്സൺ എം.കെ അഭിരാം, കോളേജ് കായിക വിഭാഗം മേധാവി പ്രൊഫ കെ.പി പ്രശോഭിത്ത്, ടി. അനിൽ, പി.ടി സനൽ കുമാർ, അജയകുമാർ മിനോത്ത്, ടി.കെ. കനകരാജൻ, എം. സജീവൻ, ടി.വി. എ ബഷീർ, ലക്ഷ്മണൻ കോക്കോടൻ, എൻ.കെ പ്രേമനാഥ്, എൻ.കെ. പ്രേമൻ എന്നിവർ സംസാരിച്ചു.

# എസ്പിസിയിലൂടെ മികച്ച തലമുറയെ വാർത്തെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്: മന്ത്രി



**കോഴിക്കോട്:** സ്റ്റുഡൻസ് പോലിസ് കേഡറ്റ് (എസ്പിസി) സംവിധാനത്തിലൂടെ മികച്ച തലമുറയെ വാർത്തെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ. പയമ്പ്ര, പറമ്പിൽ ഗവ. ഹയർ സെക്കണ്ടറി സ്ക്കൂളുകളിലെ പരിശീലനം പൂർത്തിയാക്കിയ സ്റ്റുഡൻന്റ് പോലീസ് കാഡറ്റുകളുടെ പാസ്സിംഗ് ഔട്ട് പരേഡ് പയമ്പ്ര ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഗ്രൗണ്ടിൽ നിന്ന് സെല്യൂട്ട് സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പി എസ്സി വഴി യൂണിഫോം സർവ്വീസുകളിലെ നിയമനത്തിന് വെയിറ്റേജ് അനുവദിക്കാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. എസ് പി സി യിലൂടെ ഒരു പുതിയ പ്രതിബദ്ധതയും അച്ചടക്കവുമുള്ള തലമുറ നാട്ടിലുണ്ടാവണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. എസ് പി സി ഇന്ന് രാജ്യത്താകെ ശ്രദ്ധിക്കപ്പെടുന്ന ഒരു സംഘടിത സേനയായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശസ്തി കാഡറ്റുകളുടെ മാന്യമായ പെരുമാറ്റം കൊണ്ടും സമൂഹത്തോടുള്ള ബാധ്യത ഏറ്റെടുത്തുകൊണ്ടും നാടിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും മാതൃക കാണിക്കുന്നതിനും സഹായകരമാവട്ടെ എന്ന് മന്ത്രി ആശംസിച്ചു.

പരിപാടിയിൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരിത എ, വൈസ് പ്രസിഡന്റ് ടി ശശിധരൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ഇ ശശീന്ദ്രൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം കെ ലിനി, ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് മെമ്പർമാർ, അധ്യാപകർ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കരകുളം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ബഹുനില മന്ദിരം ഉദ്ഘാടനം ചെയ്തു

### സാധാരണ കുടുംബങ്ങളിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കിയെന്ന് മന്ത്രി ജി.ആർ.അനിൽ

**തിരുവനന്തപുരം:** കേരളത്തിലെ സാധാരണ കുടുംബങ്ങളിലെ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കാൻ സർക്കാരിന് സാധിച്ചുവെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ. കരകുളം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പുതുക്കിയ ഓഡിറ്റോറിയം ഉൾപ്പെട്ട ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭരണഘടന അനുശാസിക്കുന്ന സമ്പൂർണവും സൗജന്യവുമായ വിദ്യാഭ്യാസം നിരന്തരപ്രയത്നത്തിലൂടെ സാധ്യമാക്കിയ സംസ്ഥാനമാണ് കേരളം. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ സ്മാർട്ട് ക്ലാസ് മുറികൾ, ബഹുനില മന്ദിരങ്ങൾ തുടങ്ങി വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 6000 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. വിദ്യാർത്ഥികളെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികച്ച രീതിയിൽ പ്രാപ്തരാക്കുക, മികച്ച പൗരന്മാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കിയത്. ഇതിന്റെ ഫലമായി 10 ലക്ഷത്തോളം വിദ്യാർഥികളാണ് സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് തിരികെയെത്തിയതെന്നും മന്ത്രി പറഞ്ഞു.

കിഫ്ബി ഫണ്ടിൽ നിന്ന് ഒരു കോടി 30 ലക്ഷം രൂപ ചെലവഴിച്ചാണ് ഓഡിറ്റോറിയം ഉൾപ്പെട്ട ബഹുനില മന്ദിരം നിർമിച്ചത്. കിലയുടെ മേൽനോട്ടത്തിലാണ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയത്. രണ്ടു നിലകളിലായി 4583 ചതുരശ്ര അടി വിസ്തീർണത്തിലാണ് കെട്ടിടം നിർമിച്ചിരിക്കുന്നത്.

കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു. ലേഖാറാണി അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സി.ദിവാകരൻ മുഖ്യാതിഥിയായി പങ്കെടുത്തു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.അമ്പിളി, കരകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. സുനിൽകുമാർ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി. രാജീവ്, കില റീജിയണൽ മാനേജർ ഹൈറുനിസ.എ, സ്കൂൾ പ്രിൻസിപ്പൽ രാജ്കുമാർ കെ.കെ തുടങ്ങിയവർ പങ്കെടുത്തു.

## പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ പരാതി പരിഹാര അദാലത്ത്

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലയിൽ പരാതിപരിഹാര അദാലത്ത് നടത്തുന്നു. മാർച്ച് 13, 14 തീയതികളിൽ രാവിലെ 10.30 മുതൽ വൈകിട്ട് അഞ്ചു വരെ എറണാകുളം ഗവ ഗസ്റ്റ് ഹൗസിലാണ് അദാലത്ത്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ വനിതാ ശിശു വികസന ഓഫീസിലെ ഉപയോഗത്തിനായി ഒരു വർഷ കാലയളവിലേക്ക് വാഹനം (കാർ) വാടകയ്ക്ക് എടുക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സംബന്ധമായ കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് അഞ്ചിനും ഇടയിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട് ലഭിക്കും. (ഫോൺ.0484 2952949) ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 17ന് ഉച്ചയ്ക്ക് രണ്ടു വരെ.

**കൊച്ചി:** കരുവേലിപ്പടി ഗവ മഹാരാജാസ് താലൂക്ക് ആശുപത്രിയിലേക്ക് 2025 ഏപ്രിൽ ഒന്നു മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ ആവശ്യമായ ഭക്ഷണ സാധനങ്ങൾ ആവശ്യപ്പെടുന്ന അളവിലും തൂക്കത്തിലും സ്വന്തം ഉത്തരവാദിത്വത്തിൽ വിതരണം ചെയ്യുവാ൭ താത്പര്യമുള്ള വ്യക്തികളിൽ നിന്നും മുദ്രവച്ച കവറുകളിൽ ദർഘാസ് ക്ഷണിച്ചു. ടെ൭ഡർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് ആറ് ഉച്ചയ്ക്ക് 12 വരെ.

## കള്ള് ഷാപ്പ് ലേലം

**കൊച്ചി:** എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി റേഞ്ചിലെ ഗ്രൂപ്പ് നമ്പർ ഒന്ന് , ഞാറയ്ക്കൽ റേഞ്ചിലെ ഗ്രൂപ്പ് നമ്പർ ഒന്ന്, മൂന്ന്, അഞ്ച്, ആലുവ റേഞ്ചിലെ ഗ്രൂപ്പ് നമ്പർ ഒന്ന്, അഞ്ച് എന്നീ ഗ്രൂപ്പുകളിൽപ്പെട്ട കള്ള് ഷാപ്പുകളുടെ 202425, 202526 കാലയളവിലേയ്ക്കുള്ള ഓൺലൈൻ വില്പന മാർച്ച് ഏഴു മുതൽ ഓൺലൈൻ പ്ലാറ്റ് ഫോമിൽ നടത്തുന്നു. വില്പനയ്ക്കുള്ള അപേക്ഷകൾ മാർച്ച് നാലു മുതൽ അഞ്ച് വരെ ഓൺലൈ൭ പ്ലാറ്റ്ഫോമിൽ സ്വീകരിക്കും. വില്പന സംബന്ധിച്ച് പാലിക്കേണ്ട മറ്റ് മാനദണ്ഡങ്ങളും കൂടുതൽ വിവരങ്ങളും എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും ജില്ലയിലെ എല്ലാ എക്സൈസ് സർക്കിൾ ഓഫീസിൽ നിന്നും അറിയാം.

## ലേലം

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മുനമ്പത്തുള്ള പഴയ ക്യാന്റീൻ റിനോവേഷൻ നടത്തിയത് തരകൻസ് ഓഫീസ് / ലേല ഓഫീസ് ആയി തരകൻമാർക്ക് മാത്രമായി ഉപയോഗിക്കുന്നതിന് (ഒന്ന്, രണ്ട്, മൂന്ന്) നമ്പർ മുറികൾ 2025 ഏപ്രിൽ ഒന്നു മുതൽ 2026 ഏപ്രിൽ 31 വരെ (ഒരു വർഷത്തേക്ക്) വാടകയ്ക്ക് നൽകുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്ര വെച്ച കവറുകളിൽ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 0484 2397370.

## ട്രൈബൽ പാരാമെഡിക്സ് ട്രെയിനി നിയമനം

**കണ്ണൂർ:** ട്രൈബൽ പാരാമെഡിക്സ് ട്രെയിനി നിയമനത്തിനായി അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ പാരാമെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരമാണ് നിയമനം.

നഴ്സിംഗ്, ഫാർമസി, മറ്റ് പാരാമെഡിക്കൽ കോഴ്സ് ബിരുദം/ഡിപ്ലോമ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. 2135 ആണ് പ്രായപരിധി. ഒരുവർഷമാണ് നിയമന കാലാവധി. ട്രൈബൽ പാരാമെഡിക്സ് നിയമനം ലഭിക്കുന്നവർക്ക് സ്ഥിര നിയമനത്തിന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല. നഴ്സിംഗ്/ഫാർമസി/ പാരാമെഡിക്കൽ കോഴ്സ് ബിരുദ യോഗ്യതയുള്ളവർക്ക് 18,000 രൂപയും നഴ്സിംഗ്/ഫാർമസി/ പാരാമെഡിക്കൽ കോഴ്സ് ഡിപ്ലോമയുള്ളവർക്ക് 15,000 രൂപയും പ്രതിമാസ ഹോണറേറിയം ലഭിക്കും.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഐ.ടി.ഡി. പ്രൊജക്ട് ഓഫീസിൽ മാർച്ച് പത്തിന് വൈകിട്ട് അഞ്ചിനകം സമർപ്പിക്കണം.

ഒരാൾ ഒന്നിലധികം ജില്ലകളിൽ അപേക്ഷ സമർപ്പിക്കാൻ പാടില്ല. അപേക്ഷാ ഫോറത്തിന്റെ മാതൃക www.stdd.kerala.gov.in, ഐ.ടി.ഡി. പ്രൊജക്ട് ഓഫീസ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. ഫോൺ 0497 2700357

# യൂണിഫോമുകളും ഉപകരണങ്ങളും വിതരണം ചെയ്തു

**കൊച്ചി:** വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയ്ക്ക് യൂണിഫോമും ഹരിതസംരഭങ്ങൾ ആരംഭിക്കുന്ന തിനുള്ള ഉപകരണങ്ങളും വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡണ്ട് സോണിയ മുരുകേശൻ വി തരണോദ്ഘാടനം നിർവഹിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.കെ അശോക് കുമാർ അ ധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അ ജിത ഉണ്ണികൃഷ്ണൻ,സി.ജി നിഷാദ്, ഷാനിഫ ബാബു, സജിത പ്രദീപ്, ബിനിത പീറ്റർ, എയർ പ്രോഡക്ട് കമ്പനി പ്രതിനിധികളാ യ കെ.വി വിനോദ് കുമാർ, പി.ആർ ഹെർബെർട്, ഹെൽത്ത് ഇൻ സ്പെക്ടർ പി.എസ് സ്മിത്ത്, സയൻസ് സെന്റർ അസി. ഡയറക്ടർ എ.വി സുരേഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ വി.ആർ അനശ്വര, കെ.ബി ബോബിമോൾ, ഹരിതകേരളം മിഷൻ റിസോഴ് സ് പേഴ്സൺ എം.കെ അഞ്ജലി, ശുചിത്വ മിഷൻ റിസോഴ്സ് പേ ഴ്സൺ ഫസീല അൻസാബ്, ഹരിതകർമ്മസേന കൺസോർഷ്യം സെക്രട്ടറി ഗീതു കുഞ്ഞുമോൻ, പ്രസിഡണ്ട് അജിത സുരേഷ് തു ടങ്ങിയവർ സംസാരിച്ചു.

കൊച്ചി എയർ പ്രൊഡക്ട് കമ്പനിയുടെ സി.എസ്.ആർ പദ്ധതിയു ടെ ഭാഗമായിട്ടായിരുന്നു ഉപകരണങ്ങൾ വിതരണം നടത്തിയത്. ഹ രിതകർമ്മസേനയ്ക്ക് ആവശ്യമായ യൂണിഫോമുകൾ, മാസ്ക്, ഗ്ലൗ സ് തുടങ്ങിയവയും ഗ്രാമപഞ്ചായത്തിലെ പൊതു പരിപാടികൾ ഹ രിത പെരുമാറ്റ ചട്ടം പാലിച്ചു നടത്തുന്നതിനാവശ്യമായ പ്ലേറ്റുകൾ, ഗ്ലാസുകൾ തുടങ്ങിയവയും വിതരണം ചെയ്തു.

# വികസിത് ഭാരത് യൂത്ത് പാർലമെന്റ് രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** വികസിത ഭാരത സങ്കല്പങ്ങൾക്ക് അനുയോജ്യമായ ത രത്തിൽ ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ യുവാക്കളുടെ ആ ശയരൂപീകരണം സാധ്യമാകുന്നതിന് കേന്ദ്ര യുവജനകാര്യ, കാ യിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർ ലമെന്റ് മത്സരങ്ങളുടെ രജിസ്ട്രേഷൻ തുടങ്ങി. യുവാക്കളുടെ അ ഭിപ്രായങ്ങൾ കേൾക്കാനും ചർച്ച ചെയ്യാനുമുള്ള വേദി ഒരുക്കുന്ന പരിപാടിയിൽ 2025 ഫെബ്രുവരി 24 ന് 18 നും 25നും ഇടയിൽ പ്രാ യമുള്ള യുവതീയുവാക്കൾക്ക് പങ്കെടുക്കാം. വികസിത ഭാരതം എ ന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന വിഷയത്തിൽ ഒ രു മിനിറ്റ് ദൈർഘ്യമുള്ള പ്രസംഗ വീഡിയോ മൈ ഭാരത് പോർട്ട ലിൽ അപ്ലോഡ് ചെയ്താണ് രജിസ്റ്റർ ചെയ്യേണ്ടത്.

മാർച്ച് 9 വരെയാണ് വീഡിയോ അപ്ലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യാ നുള്ള സമയം. സംസ്ഥാനത്തെ നാല് കേന്ദ്രങ്ങളിലായാണ് ജില്ലാ തല മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മാർച്ച് 17നകം ജില്ലാ മത്സര ങ്ങളും 20നകം സംസ്ഥാനതല മത്സരങ്ങളും സംഘടിപ്പിക്കും. സം സ്ഥാനതല മത്സരത്തിൽ വിജയികളാകുന്ന മൂന്ന് പേർക്കാണ് പാർ ലമെന്റ് മന്ദിരത്തിൽ സംഘടിപ്പിക്കുന്ന ദേശീയതല മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരം.

വികസിത് ഭാരത് യൂത്ത് പാർലമെന്റിൽ രജിസ്റ്റർ ചെയ്യാൻ ഈപോ ർട്ടലിൽലോഗിൻചെയ്യുക https://mybharat.gov.in/mega_events/viksit-bharat-youth-parliament രജിസ്ട്രേഷനും കൂടുതൽ വിവര ങ്ങൾക്ക് അതാത്ജില്ലയിലെനാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർമാരുമായോ നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ മാരുമായിബന്ധപ്പെടാവുന്നതാണ്. ഫോൺ :8714508255

# എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാം

**കൊച്ചി:** വിവിധ കാരണങ്ങളാൽ 01/01/1995 മുതൽ 31/12/2024 വ രെയുള്ള കാലയളവിൽ യഥാ സമയം പുതുക്കാത്തതിനാൽ രജിസ് ട്രേഷൻ റദ്ദായ ഉദ്യോഗാർത്ഥികൾക്കും എംപ്ലോയ്മെന്റ് എക്സ്ചേ ഞ്ച് മുഖാന്തിരം നിയമനം ലഭിച്ച് യഥാസമയം വിടുതൽ സർട്ടിഫി ക്കറ്റ് ചേർക്കാതിരുന്നവർക്കും സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽ കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. രജിസ്ട്രേഷൻ ഐഡന്റി റ്റി കാർഡിൽ പുതുക്കേണ്ട മാസം 10/94 മുതൽ 09/2024 വരെയുള്ള കാലാവധി രേഖപ്പെടുത്തിയിട്ടുള്ളവർക്ക് ഈ ഉത്തരവിന്റെ ആനുകൂ ല്യം ലഭിക്കും. www.eemployment.kerala.gov.in വെബ്സൈറ്റ് വ ഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായോ ഏ പ്രിൽ 30 വരെ രജിസ്ട്രേഷൻ പുതുക്കാം.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ ആന്റ് ഡിജി റ്റൽ ജേണലിസം ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി, തിരുവനന്തപു രം കേന്ദ്രങ്ങളിൽ വൈകീട്ട് ആറു മുതൽ എട്ടു വരെയാണ് ക്ലാസ് സ മയം. ഒരേ സമയം ഓൺലൈനിലും ഓഫ് ലൈനിലും ക്ലാസ് ലഭ്യ മാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീ സ്. ഡിഗ്രിയാണ് വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി ഇല്ല. അനുദി നം മാറുന്ന നവീന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിലൂ ടെ ഓൺലൈൻ മാധ്യമ മേഖലയുടെ അനന്തസാധ്യതകൾ ഉപയോ ഗപ്പെടുത്താൻ കോഴ്സ് ഉപകരിക്കും. ഓൺലൈനായി അപേക്ഷി ക്കുന്നതിന് മീഡിയ അക്കാദമിയുടെ www.keralamediaacademy.org വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2422275, 2422068, 9388959192. അവസാന തിയതി മാർച്ച് ഏഴ്.



കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി സംഘടിപ്പിച്ച അവകാശ പ്രഖ്യാപന നേതൃസമ്മേളനം സീറോ മ ലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്നു. ഡോ ജോബി കാക്കശ്ശേരി, അ ഡ്വ ടോണി പുഞ്ചക്കുന്നേൽ, ട്രീസ ലിസ് സെബാസ്റ്റ്യൻ, അഡ്വ ബിജു പറയന്നിലം, ഫാ ഫിലിപ്പ് കവിയിൽ,ഫാ ജോർജ് വർഗീസ് ഞാറക്കുന്നേൽ,രാജീവ് കൊച്ചുപറമ്പിൽ, ഡോ ജോസ്കുട്ടി ഒഴുകയിൽ, ബെന്നി ആന്റണി,ഡോ കെ എം ഫ്രാൻസിസ്, എന്നിവർ സമീപം

# സമുദായത്തിന്റെ അവകാശങ്ങൾ നിഷേധിക്കാൻ അനുവദിക്കില്ല: മാർ റാഫേൽ തട്ടിൽ

**കൊച്ചി :** സീറോ മലബാർ സമുദായ ത്തിന്റെ അർഹമായ അവകാശങ്ങൾ നിഷേധിക്കപ്പെടുവാൻ ഒരു കാരണവ ശാലും അനുവദിക്കില്ലെന്ന് സീറോ മ ലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ.കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി കാ ക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച അവകാശ സംരക്ഷണ പ്രഖ്യാപന നേതൃസമ്മേളനം ഉദ്ഘാ ടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മനുഷ്യന് വേണ്ടി നിലപാട് എടു ക്കുന്ന രാഷ്ട്രീയക്കാർ ഇന്ന് കേരള ത്തിൽ കുറയുകയാണ്.പുതിയ രാ ഷ്ട്രീയ സംസ്കൃതി ഉണ്ടാകേണ്ട സമ യമായി എന്നും മാർ തട്ടിൽ പറഞ്ഞു. കേരളത്തിൽ വർധിച്ചു വരുന്ന മയക്കു മരുന്ന് ആക്രമണങ്ങളിൽ ആശങ്ക രേ ഖപ്പെടുത്തിയ അദ്ദേഹം,ലഹരി മാഫി യയിൽ നിന്നുള്ള സമൂഹത്തെ സംര ക്ഷിക്കാൻ സർക്കാരുകൾക്ക് ഉത്തര വാദിത്തമുണ്ടെന്ന് ഓർമ്മിപ്പിച്ചു.

വന്യജീവി ആക്രമണത്തിൽ ജീ വനും ജീവനോപാധിയും സ്വത്തും നഷ്ടപ്പെടുന്ന സാഹചര്യം ഇനി ഉണ്ടാ കാതിരിക്കുവാൻ സർക്കാർ ആൽമാർ ത്ഥമായ നടപടികൾ സ്വീകരിക്കണം. റബ്ബർ,നെല്ല്,നാളികേരം ഉൾപ്പെടെ കാർഷികോത്പന്നങ്ങൾക്ക് ന്യായ വില,ന്യൂനപക്ഷ അവകാശ വിവേച നങ്ങളിൽ നിന്നു മോചനം,ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പി ലാക്കൽ,മുനമ്പം പ്രശ്നത്തിന് ശാശ്വ ത പരിഹാരം,പി എസ് സി യുടെ സു താര്യ പ്രവർത്തനം, അദ്ധ്യാപക നി യമനത്തിലെ അവഗണനയിൽ നീതി ലഭിക്കൽ എന്നിവ അവകാശ പ്രഖ്യാ പനത്തിൽ വ്യക്തമാക്കി.ദളിത് ക്രൈ സ്തവ സംവരണം,അധിനിവേശങ്ങ ളിൽ നിന്നും രാഷ്ട്രീയ രംഗത്തെ ചൂഷണങ്ങളിൽ നിന്നുള്ള മോചനം സമുദായത്തിന്റെ അവകാശമായി പ്രഖ്യാപിക്കുകയും കർമ്മപരിപാടി കൾക്ക് രൂപം കൊടുക്കുകയും ചെയ് തു. കത്തോലിക്ക കോൺഗ്രസ് സ ഭയുടെ ശക്തിയാണ് എന്ന് പറഞ്ഞ മാർ തട്ടിൽ,അവകാശ പ്രഖ്യാപനം സഭയുടെ പൊതു ആവശ്യങ്ങളാണ് എന്നും പറഞ്ഞു.

സമുദായവും കർഷകരും അനുഭ വിക്കുന്ന പ്രതിസന്ധികളിലുള്ള അ വകാശ പ്രഖ്യാപനരേഖ സമ്മേളന ത്തിൽ അദ്ധ്യക്ഷത വഹിച്ച ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ രാജീവ് കൊച്ചു പറമ്പിൽ അവതരിപ്പിച്ചു.ഡയറക്ടർ റ വ ഡോ ഫിലിപ്പ് കവിയിൽ,ജനറൽ സെക്രട്ടറി ഡോ ജോസ്കുട്ടി ഒഴുക യിൽ,അഡ്വ ബിജു പറയന്നിലം,അ ഡ്വ ടോണി പുഞ്ചക്കുന്നേൽ,ഡോ കെ എം ഫ്രാൻസിസ്,രൂപത ഡയ റക്ടർമാരായ റവ ഡോ ജോർജ് വർ ഗീസ് ഞാറക്കുന്നേൽ, റവ ഫാ ചെ റിയാൻ അഞ്ഞിലിമൂട്ടിൽ, റവ ഫാ സബിൻ തൂമുള്ളിൽ, ട്രീസ ലിസ് സെബാസ്റ്റ്യൻ, ബെന്നി ആന്റണി, രാ ജേഷ് ജോൺ എന്നിവർ പ്രസംഗിച്ചു.

# സൈബർ സുരക്ഷയിൽ കേരള പോലീസ് രാജ്യത്തിന് മാതൃക: മുഖ്യമന്ത്രി

**തിരുവനന്തപുരം:** നിർമ്മിത ബു ദ്ധിയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനമൊരുക്കി സൈബർ സുര ക്ഷാ രംഗത്ത് രാജ്യത്തിനുതന്നെ മാ തൃകയായിരിക്കുകയാണ് കേരള പൊ ലീസെന്ന് മുഖ്യമന്ത്രി പിണറായി വി ജയൻ.

പുതുതായി നിർമ്മിച്ച വീയപുരം പൊലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം പോ ലീസ് ട്രെയിനിങ് കോളേജിൽ നിന്ന് ഓൺലൈനായി നിർവഹിച്ച് സംസാ രിക്കുകയായിരുന്നു മുഖ്യമന്ത്രി. കൂടാ തെ ആലപ്പുഴ നോർത്ത്, ചേർത്തല എന്നീ പൊലീസ് സ്റ്റേഷനുകളുടെ ലോവർ സബോർഡിയനേറ്റ് ക്വാട്ടേഴ് സ്സിന്റെ ശിലാസ്ഥാപനവും ചടങ്ങിൽ അദ്ദേഹം നിർവഹിച്ചു.

ആകെ 62.61 കോടി രൂപ ചെലവ ഴിച്ചു വിവിധ ജില്ലകളിലായി നിർമാ ണംപൂർത്തിയാക്കിയ 30 പോലീസ് മ ന്ദിരങ്ങളുടെ ഉദ്ഘാടനവും ആറ് മ ന്ദിരങ്ങളുടെ ശിലാസ്ഥാപനവുമാണ് മുഖ്യമന്ത്രി ചടങ്ങിൽ നിർവഹിച്ചത്.

അടുത്തകാലത്തായി സമൂഹ ത്തിൽ പ്രത്യേകിച്ചും യുവതലമുറ യിൽ കുറ്റകൃത്യ പ്രവണത വർധിച്ചു വരുന്നുണ്ടെന്നും ഇതിനു കാരണമാ കുന്ന സാഹചര്യങ്ങളെ കുറിച്ച് വി ശദമായ പഠനം നടത്തുന്നതിന് പെ ാലീസ് മുൻകയ്യെടുക്കണമെന്നും അ ദ്ദേഹം പറഞ്ഞു.

സർക്കാരിൻറെ നൂറു ദിന പദ്ധതി യിലുൾപ്പെടുത്തിയ വിവിധ ജില്ലകളി ലെ പൊലീസ് മന്ദിരങ്ങളുടെ ഉദ്ഘാട നവും, തറക്കല്ലിടലും കൂടാതെ പൊ ലീസ് സേവനങ്ങളെ സംബന്ധിച്ചു പൊതുജനങ്ങൾക്കു അഭിപ്രായം അ റിയിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനത്തിൻറെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു.

പൊലീസ് സേവനങ്ങളെ സംബ ന്ധിച്ചു പൊതുജനങ്ങൾക്ക് അഭിപ്രാ യം രേഖപെടുത്തുവാനുള്ള അവസ രമൊരുക്കുകയാണ് പൊലീസിൻറെ പരാതി പരിഹാര സംവിധാനത്തിൻ റെ ലക്ഷ്യം. ഓരോ പൊലീസ് സ്റ്റേ ഷനുകളിലും പ്രദർശിപ്പിച്ചിട്ടുള്ള ക്യൂ ആർ കോഡ് സ്കാൻ ചെയ്തു പൊ തുജനത്തിന് തങ്ങൾക്കു ലഭ്യമായ സേവനം തൃപ്തികരമാണോ അല്ല യോ എന്ന് രേഖപ്പെടുത്താവുന്നതാ ണ്.

തിരുവനന്തപുരത്ത് നടന്ന സം സ്ഥാനതല ചടങ്ങിൽ ആൻറണി രാ ജു എം.എൽ.എ അധ്യക്ഷനായി. സം സ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ഐ.പി. എസ് സ്വാഗതം പറഞ്ഞു. എ.ഡി. ജി.പിമാരായ മനോജ് എബ്രഹാം, എച്ച്. വെങ്കടേഷ്, എസ്. ശ്രീജിത്ത് മ റ്റ് ഉന്നത ഉദ്യോഗസ്ഥർ സന്നിഹിത രായിരുന്നു.

വീയപുരം പൊലീസ് സ്റ്റേഷൻ അങ്കണത്തിൽ നടന്ന ഉദ്ഘാടന ച ടങ്ങിൽ തോമസ്.കെ തോമസ് എം എൽ എ അധ്യക്ഷനായി.

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രുഗ്മിണി രാജു, വൈ സ് പ്രസിഡന്റ് പി.ഓമന, ജില്ലാ പോ ലീസ് മേധാവി എം പി മോഹനച ന്ദ്രൻ ,കായംകുളം ഡി.വൈ.എസ്.പി എൻ.ബാബുക്കുട്ടൻ, ജില്ലാ പഞ്ചാ യത്ത് അംഗം കെ. ശോഭ , ബ്ലോക്ക് പഞ്ചായത്ത് അംഗം പ്രസാദ് കുമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷീ ജ സുരേന്ദ്രൻ, വീയപുരം ഏഴാം വാർഡ് മെമ്പർ പി. ഡി ശ്യാമള , വീ യപുരം എസ്.എച്ച്.ഒ എ.ഷെഫീ ഖ്, കെ.പി.ഒ എ സെക്രട്ടറി എ.എസ് ഫിലിപ്പ്, കെ. പി. എ സെക്രട്ടറി എ സ്. സന്തോഷ്, ജനപ്രതിനിധികൾ , ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# മേഘങ്ങളുടെ ഉയരം കൂടുന്നത് അതിതീവ്രമഴയ്ക്ക് കാരണമാകുന്നു

## കണ്ടെത്തലുമായി കുസാറ്റ് ഗവേഷകർ

**കൊച്ചി:** ഇന്ത്യയിലെ മൺസൂൺ ചലനാത്മകതയിൽ ശ്രദ്ധേയമായ മാറ്റം സൃഷ്ടിക്കുന്നു. തീവ്ര മഴയുമായി ബന്ധപ്പെട്ട് ആഴത്തിലുള്ള സംവഹന മേഘങ്ങൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ ഏകദേശം 1 കിലോമീറ്റർ ഉയർന്നിരിക്കുന്നു എന്ന കണ്ടെത്തലുമായി ഗവേഷകർ.

പ്രശസ്ത ജിയോഫിസിക്കൽ റിസർച്ച് ലെറ്റേഴ്സിൽ ഇന്ത്യൻ വേനൽക്കാല മൺസൂൺ സീസണിൽ ആഴത്തിലുള്ള സംവഹന മേഘങ്ങളുടെ തീവ്രതയും ആവൃത്തിയും വർദ്ധിക്കുന്നതിൻറെ നിരീക്ഷണ തെളിവുകൾ' എന്ന തലക്കെട്ടിലാണ് പഠനം പ്രസിദ്ധീകരിച്ചത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അഡ്വാൻസ്ഡ് സെൻറർ ഫോർ അറ്റ്മോസ്ഫെറിക് റഡാർ റിസർച്ചിലെ ഡോ. അജിൽ കോട്ടയിലിൻറെ നേതൃത്വത്തിൽ കുസാറ്റിലെ ഡോക്ടറൽ ഫെലോ റോഷ്നി ആൻറണി, പ്രൊഫ. ഡോ. സതീശൻ, ഡോ. വിജു ഒ ജോൺ, യുകെ മെറ്റ് ഓഫീസിൽ നിന്നുള്ള ഡോ. പ്രിൻസ് സേവിയർ എന്നിവർ ചേർന്നാണ് ഗവേഷണം നടത്തിയത്.

സാറ്റലൈറ്റ് നിരീക്ഷണങ്ങൾ ഉപയോഗിച്ച് 2000 മുതൽ 2020 വരെ ആഴത്തിലുള്ള സംവഹന മേഘങ്ങളിലെ മാറ്റങ്ങൾ വിലയിരുത്തിയപ്പോൾ, വേനൽക്കാല മൺസൂൺ സമയത്ത് അവയുടെ മുകൾഭാഗം ഏകദേശം 1 കിലോമീറ്റർ ഉയർന്നതായി ഗവേഷകർ കണ്ടെത്തി.

മേഘങ്ങളുടെ ഈ ഉയരവ്യത്യാസം, കൂടുതൽ ശക്തമായ സംവഹന പ്രവർത്തനം കാണിക്കുകയും, അതിന്റെ ഫലമായി ഇന്ത്യൻ മൺസൂൺ സീസണിൽ തീവ്രമായ മഴയുടെ സാധ്യത വർധിപ്പിക്കുകയും ചെയ്തതായി കണ്ടെത്തി.വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ ശക്തമായ സംവഹന പ്രവർത്തനം കനത്ത മഴക്കും വെള്ളപ്പൊക്കത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഈ സാഹചര്യം പടിഞ്ഞാറും, കിഴക്കൻ തീരങ്ങളിലും, ചൂടുപിടിച്ച ഇന്ത്യൻ മഹാസമുദ്രത്തിന്റെ പ്രഭാവത്തിൽ ശക്തമായ സംവഹന പ്രവർത്തനവും അതിശക്തമായ മഴയും അനുഭവപ്പെടുന്നതിന് വഴിയൊരുക്കുന്നു. മൺസൂൺ കാലത്ത് വടക്കുകിഴക്കൻ ഇന്ത്യയിൽ തീവ്രമായ മഴയിലെ വർദ്ധനവിനും ഇത് വഴിവെക്കും.

ഇന്ത്യയിലുടനീളമുള്ള തീവ്ര കാലാവസ്ഥാ സംഭവങ്ങൾക്കു കൂടുതൽ ആക്കം കുട്ടുന്നതിന് ശക്തമായ സാധ്യതയുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

# ‘ആരോഗ്യം ആനന്ദം അകറ്റാം അർബുദം’ കാൻസർ പ്രതിരോധ ജനകീയ കാമ്പയിൻ

**കൊച്ചി:** ആരോഗ്യം ആനന്ദം അകറ്റാം അർബുദം' കാൻസർ പ്രതിരോധ ജനകീയ കാമ്പയിന്റെ ഭാഗമായി കളക്ടറേറ്റിൽ മെഗാ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. കളക്ടറേറ്റിലെ വനിതാ ജീവനക്കാർക്കായി സംഘടിപ്പിച്ച സ്ക്രീനിംഗ് ക്യാമ്പ് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. കാൻസറിനെ സംബന്ധിച്ചിടത്തോളം പ്രാരംഭഘട്ടത്തിൽ തന്നെ രോഗനിർണയം നടത്തുക എന്നുള്ളതാണ് പ്രധാനമെന്നും കളക്ടറേറ്റിലെ പരമാവധി വനിതാ ജീവനക്കാരും കാമ്പയിന്റെ ഭാഗമാകണമന്നും കളക്ടർ പറഞ്ഞു.

ജില്ലയിൽ ഫെബ്രുവരി 4 ന് ആരംഭിച്ച കാൻസർ പ്രതിരോധ കാമ്പയിൻ മാർച്ച് 8 വരെ നീണ്ടുനിൽക്കും. മുപ്പത് വയസ്സിന് മുകളിലുള്ള സ്ത്രീകളിൽ സ്തനാർബുദം, ഗർഭാശയ ക്യാൻസർ എന്നിവയുണ്ടോ എന്ന് നേരത്തേ തന്നെ കണ്ടെത്തി രോഗത്തെ പൂർണ്ണമായും അകറ്റുക എന്ന ലക്ഷ്യത്തോടെയാണ് കാമ്പയിൻ നടത്തുന്നത്.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ ഡെപ്യൂട്ടി ഡി.എം.ഒ ഡോ. കെ സവിത ക്യാൻസറിനെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സ് എടുത്തു. ഹുസൂർ ശിരസ്തദാർ അനിൽകുമാർ മേനോൻ, കാക്കനാട് എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ. ആർ. ഗോപിക പ്രേം, ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ സി.എം ശ്രീജ എന്നിവർ പങ്കെടുത്തു. ക്യാമ്പിൽ 100 ൽ അധികം വനിതാ ജീവനക്കാരെ സ്ക്രീൻ ചെയ്തു. പരിപാടിയുടെ ഭാഗമായി എറണാകുളം ലൂർദ് കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കളക്ടറേറ്റ് അങ്കണത്തിൽ ഫ്ലാഷ് മോബും സംഘടിപ്പിച്ചിരുന്നു.

# ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപം സ്വീകരിച്ച് കബളിപ്പിച്ചു, പോപ്പുലർ ഫിനാൻസിന് 17.79 ലക്ഷം രൂപ പിഴ ചുമത്തി

**കൊച്ചി:** ഉയർന്ന പലിശ വാഗ്ദാനം നൽകി ഉപഭോക്താവിനെ കബളിപ്പിച്ച പോപ്പുലർ ഫിനാൻസ് ഉടമകൾക്ക് 17, 79, 000 ലക്ഷം രൂപ പിഴ വിധിച്ച് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ. തിരുവനന്തപുരം സ്വദേശി മേരി ജോർജ് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

പ്രതിവർഷം 12 % പലിശ വാഗ്ദാനം നൽകിയാണ് എതിർകക്ഷികൾ നിക്ഷേപം സ്വീകരിച്ചത്. ഇത് വിശ്വസിച്ച് 16,59,000/ രൂപ പോപ്പുലർ ഫിനാൻസിൽ നിക്ഷേപിച്ചു. ആദ്യ മാസങ്ങളിൽ പരാതിക്കാരന്റെ അക്കൗണ്ടിൽ പലിശ എത്തിയെങ്കിലും പിന്നീട് മുടങ്ങി. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാതെയാണ് സ്ഥാപനം പ്രവർത്തിക്കുന്നത് എന്നും പരാതിക്കാരൻ പിന്നീട് മനസ്സിലാക്കി. തുടർന്ന് പോപ്പുലർ ഫിനാൻസിന്റെ ഉടമകളെ പോലീസ് അറസ്റ്റ് ചെയ്യുകയും സ്ഥാപനം പൂട്ടി മുദ്ര വയ്ക്കുകയും ചെയ്തു. എതിർകക്ഷികൾ വാഗ്ദാനം ചെയ്ത പോലെ നിക്ഷേപത്തുകയോ പലിശയോ പരാതിക്കാരന് നൽകിയതുമില്ല. എതിർകക്ഷികളുടെ സേവനത്തിൽ ന്യൂനതയും അധാർമികമായ വ്യാപാര രീതിയും മൂലം പരാതിക്കാരന് ധനനഷ്ടവും മന:ക്ലേശവും ഉണ്ടായി. അതിനു നഷ്ടപരിഹാരം നൽകാൻ പോപ്പുലർ ഫിനാൻസിന് ബാധ്യതയുണ്ടെന്നും പരാതിയിൽ ബോധിപ്പിച്ചു. നിക്ഷേപ തട്ടിപ്പിലൂടെ ജനങ്ങളെ സാമ്പത്തികമായി ചൂഷണം ചെയ്ത് വൻ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നവരെ നിയമത്തിന്റെ സർവ്വശക്തിയും ഉപയോഗിച്ച് നേരിടുക തന്നെ വേണമെന്ന് ഡി.ബി.ബിനു അധ്യക്ഷനും, വി.രാമചന്ദ്രൻ, ടി.എൻ.ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് വ്യക്തമാക്കി.

നിക്ഷേപതുകയായ 16,59,000/ രൂപ രൂപയും ഒരു ലക്ഷം രൂപ നഷ്ടപരിഹാരവും 20,000/ രൂപ ചെലവും 45 ദിവസത്തിനകം പരാതിക്കാരന് നൽകണമെന്ന് കമ്മീഷൻ ഉത്തരവ് നൽകി. പരാതിക്കാരന് വേണ്ടി അഡ്വ. എം ജെ ജോൺസൻ ഹാജരായി.

# മയക്കുമരുന്നിനെതിരെ കായിക യാത്ര സംഘടിപ്പിക്കും

**തലശ്ശേരി:** മയക്കുമരുന്നിനെതിരെ പ്രചാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കാസർകോട് മുതൽ തിരുവനന്തപുരം വരെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും യുവജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് കായിക യാത്ര സംഘടിപ്പിക്കുമെന്ന് മന്ത്രി വി അബ്ദുറഹ്മാൻ പറഞ്ഞു. പിണറായി എ കെ ജി മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നിർമ്മിച്ച സ്കൂൾ ഫ്ളഡ്‌ലിറ്റ് സ്റ്റേഡിയത്തിന്റെയും ജിംനേഷ്യത്തിന്റെയും സ്റ്റേജിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

അടുത്ത അധ്യയനവർഷം മുതൽ പ്രൈമറി തലത്തിൽ ഉൾപ്പെടെ സ്പോർട്സ് പാഠ്യവിഷയമാക്കും. വിദ്യാർഥികളെ കായിക മേഖലയിലേക്ക് ആകർഷിക്കാൻ കൂടുതൽ പരിപാടികൾ ആവിഷ്കരിക്കും. കായിക മേഖലയിൽ അടിസ്ഥാന പരമായ മാറ്റമാണ് സർക്കാർ ലക്ഷമിടുന്നത്. മൽസരങ്ങൾക്കുമപ്പുറം വിദ്യാർത്ഥികൾക്ക് സ്ഥിരമായ നേട്ടം കൈവരിക്കാനും കായികക്ഷമത ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. രണ്ടു കോടി രൂപ ബജറ്റ് ഫണ്ട് ഉപയോഗിച്ചാണ് വിദ്യാലയത്തിൽ സംവിധാനങ്ങൾ ഒരുക്കിയത്. വിദ്യാലയത്തിലെ ആറ് വിദ്യാർഥികൾ ദേശീയതലത്തിൽ കായിക മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹത നേടിയിട്ടുണ്ട്. സംസ്ഥാനതലത്തിലും മത്സരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയവും ഫ്ളഡ് ലിറ്റ് ഗ്രൗണ്ടും സജ്ജമായതോടെ കായിക മേഖലയിൽ വൻ കുതിപ്പുകൾ നടത്താൻ കഴിയുമെന്ന പ്രതീക്ഷയിലാണ് സ്കൂൾ അധികൃതർ.



# ഇ കെ കെ ഗ്ലോബ്സ്റ്റാർ ജേതാക്കൾ

**കൊച്ചി:** എറണാകുളം ക്രിക്കറ്റ് ക്ലബ് ഫൗണ്ടേഷൻ സംഘടിപ്പിച്ച 43ാമത് തൃശൂർ ടൈറ്റൻസ് എലൈറ്റ് ക്രിക്കറ്റ് ടൂർണമെന്റ് ഫൈനലിൽ ഇ കെ കെ ഗ്ലോബ്സ്റ്റാർ ക്രിക്കറ്റ് ക്ലബ് എറണാകുളം ജേതാക്കളായി. മുത്തൂറ്റ് മൈക്രോഫിൻ ക്രിക്കറ്റ് ക്ലബ് എറണാകുളത്തെ 195 റൺസിന് പരാജയപ്പെടുത്തിയാണ് ഇ കെ കെ ഗ്ലോബ്സ്റ്റാർ കപ്പിൽ മുത്തമിട്ടത്.കാക്കനാട് രാജഗിരി കോളജ് ഗ്രൗണ്ടിൽ നടന്ന ഫൈനലിൽ ഇ കെ കെ ഗ്ലോബ്സ്റ്റാറിന്റെ 50 ഓവറിൽ ആറ് വിക്കറ്റിന് 338 എന്ന കൂറ്റൻ സ്കോർ മറികടക്കാൻ മുത്തൂറ്റിനായില്ല. മുത്തൂറ്റ് മൈക്രോഫിൻ ക്രിക്കറ്റ് ക്ലബ് 36.2 ഓവറിൽ 143 റൺസിന് എല്ലാവരും പുറത്തായി. ഇ കെ കെ ഗ്ലോബ്സ്റ്റാറിന് വേണ്ടി രോഹിത് കെ ആർ 72 പന്തിൽ 84 റൺസും അരുൺ പൗലോസ് 65 പന്തിൽ 82 റൺസും അക്ഷയ് മനോഹർ 52 പന്തിൽ 65 റൺസും മെൽവിൻ ആന്റണി 46 പന്തിൽ 46 റൺസും നേടി. മുത്തൂറ്റിന് വേണ്ടി ഹരികൃഷ്ണൻ 53 പന്തിൽ 42 റൺസും അനുജ് ജോതിൻ 37 പന്തിൽ 24 റൺസും നേടി.

പ്ലെയർ ഓഫ് ദി ഫൈനലായി രോഹിത് കെ ആറും ബെസ്റ്റ് ബാറ്ററായി അനുജ് ജോതിനും ബെസ്റ്റ് ബൗളറായി അജിത്ത് വിയും ബെസ്റ്റ് ആൾറൗണ്ടറായി അക്ഷയ് മനോഹറും എമർജിങ് പ്ലയറായി രോഹിത് കെ ആറും തെരഞ്ഞെടുക്കപ്പെട്ടു. മുത്തൂറ്റ് മൈക്രോഫിൻ സി ഒ ഒ ഉദീഷ് ഉല്ലാസ് സമ്മാനങ്ങൾ വിതരണം ചെയ്തു.

# ശ്രീനാരായണഗുരുദേവൻ മഹാത്മജി സമാഗമം ശതാബ്ദി ആഘോഷം മാർച്ച് 12ന്

**ശിവഗിരി:** മഹാത്മാഗാന്ധി ശിവഗിരിയിലെത്തി ശ്രീനാരായണഗുരുദേവനെ സന്ദർശിച്ചതിൻറെ ശതാബ്ദി ആഘോഷം മാർച്ച് 12ന് ശിവഗിരിയിൽ നടത്തുന്നതിനുള്ള ഒരുക്കങ്ങളായി. മഹാത്മാഗാന്ധിയുടെയും ശിവഗിരിയുടെയും ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു സംഭവമായി ഈ കൂടിക്കാഴ്ച. ശതാബ്ദി സമ്മേളനത്തിൽ മഹാത്മജിയുടെ ചെറുമകൻ തുഷാർ ഗാന്ധിയും പങ്കെടുക്കും. സംസ്ഥാനത്തിനകത്തും പുറത്തും നിന്നുള്ള പ്രശസ്തരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ശതാബ്ദി ആഘോഷങ്ങളിൽ വിവിധ വിഷയങ്ങളിലെ സമ്മേളനങ്ങളും സെമിനാറുകളും ഉണ്ടാകുമെന്ന് ശിവഗിരിമഠം പ്രസിഡൻറ് സച്ചിദാനന്ദസ്വാമി, ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി, ട്രഷറർ ശാരദാനന്ദ സ്വാമി തുടങ്ങിയവർ അറിയിച്ചു. സംസ്ഥാനത്ത് പല തലങ്ങളിൽ പ്രവർത്തിക്കുന്നവരുടെയും ഗുരുദേവ ഭക്തരുടെയും ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെയും സാന്നിധ്യം ചടങ്ങിൽ പ്രതീക്ഷിക്കുന്നതായി ശിവഗിരി മഠം ഭാരവാഹികൾ പറഞ്ഞു. വിവരങ്ങൾക്ക് ശിവഗിരി മഠം പി.ആർ.ഒ. യുമായി ബന്ധപ്പെടാവുന്നതാണ്. 9447551499.

# തേനീച്ച മെഴുകിൽ നിന്ന് പരിസ്ഥിതി സൗഹൃദ പാക്കേജിംഗ് വികസിപ്പിച്ച ശാസ്ത്രജ്ഞർക്ക് പേറ്റൻറ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ശാസ്ത്രജ്ഞർക്ക് പേറ്റൻറ് ലഭിച്ചു. നാനോ സെല്ലുലോസ് എയറോജെലിനു മുകളിൽ തേനീച്ച മെഴുകിന്റെ ആവരണം തീർക്കുന്ന പ്രക്രിയ വികസിപ്പിച്ചെടുത്തതിനാണ് പേറ്റൻറ് ലഭിച്ചത്. താപപ്രേരിത ഘടനാവിഭജനം എന്ന പ്രക്രിയ ഉപയോഗിച്ചാണ് എയറോജെലിനു മുകളിൽ തേനിച്ച മെഴുകിൻറെ ആവരണം തീർത്ത് അവയെ ഹൈഡ്രോഫോബിക് (വെള്ളത്തിനെ അകറ്റി നിർത്താനുള്ള കഴിവ്) ആക്കി മാറ്റുന്നത്, പരിസ്ഥിതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് കൊണ്ടുള്ള ഈ പ്രക്രിയ ചെലവ് കുറഞ്ഞതും ലളിതവും ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടു ഏതൊരു ഖര വസ്തുവിനെയും ഹൈഡ്രോഫോബിക് ആക്കി മാറ്റാൻ സാധിക്കും. പരിസ്ഥിതി സൗഹൃദ പാക്കേജിങ്ങുകൾ ബയോ മെഡിക്കൽ മേഖല, പാരിസ്ഥിതിക ഉപയോഗങ്ങൾ എന്നിവയ്ക്ക് ഈ സാങ്കേതിക വിദ്യ മുതൽക്കൂട്ടാകും.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ, പോളിമർ സയൻസ് ആൻഡ് റബർ ടെക്നോളജി വിഭാഗം പ്രഫസർ ജിനു ജേക്കബ് ജോർജിന്റ്റെ നേതൃത്വത്തിലാണ് പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ഡോ ദീപു എ. ഗോപകുമാറിന്റെ മേൽനോട്ടത്തിൽ ഗവേഷകരായ അജിത് വട്ടോത്തുകുന്നേൽ, ഡോ. ഐശ്വര്യ പൗലോസ് എന്നിവർ ചേർന്നാണ് പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വനിതാ ഗാട്ടാ ഗുസ്തി മത്സരങ്ങൾ നടത്താൻ ഒരുങ്ങി കൊച്ചി ലുലു മാൾ

**കൊച്ചി :** കേരളത്തിലെ വനിതാ കായികതാരങ്ങളുടെ ശക്തിയും കഴിവും പ്രദർശിപ്പിക്കുന്നതിനായി ലുലു മാൾ കൊച്ചി, ഡിമാക്, സംസ്ഥാന ഗാട്ടാ ഗുസ്തി അസോസിയേഷനുമായി സഹകരിച്ച് 6 ന് വൈകിട്ട് 3 മുതൽ ഗാട്ടാ ഗുസ്തി മത്സരം സംഘടിപ്പിക്കുന്നു.

വിവിധ വിഭാഗങ്ങളിൽ ആയിട്ടാണ് മത്സരങ്ങൾ നടത്തുന്നത്. 50 കിലോ മുതൽ 62 കിലോ വരെയും 63 കിലോ മുതൽ 76 കിലോ വരെ എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ഉണ്ടാകും. ഇതു കൂടാതെ, കേരള ക്വീൻ പട്ടത്തിനായുള്ള എല്ലാ വിഭാഗങ്ങളിലേയും ഓവറോൾ ചാമ്പ്യൻഷിപ്പും നടത്തും.

മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 10,000 രൂപയും, രണ്ടാം സ്ഥാനക്കാർക്ക് 5,000 രൂപയും, മൂന്നാം സ്ഥാനക്കാർക്ക് 3,000 രൂപ എന്നിങ്ങനെ ക്യാഷ് പ്രൈസും നൽകും.

കേരള ക്വീൻ പട്ടത്തിന്റെ വിജയിക്ക് 10,000 രൂപയും, ട്രോഫിയും, പൊന്നാടയും നൽകി ആദരിക്കും. രണ്ടാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 5,000 രൂപയും മെമന്റോയും നൽകും. മത്സരങ്ങളിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി മാർച്ച് 3 ന് വൈകിട്ട് 5 വരെയാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക: ടി ജെ ജോർജ്ജ് +91 98954 10626.



# ഭവൻസ് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചു

**കൊച്ചി:** ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അന്താരാഷ്ട്ര സമ്മേളനം ഭവൻസ് ലീഗ് ഓഫ് ഇൻക്ലൂസീവ് വാല്യൂസ് (ബിലിവ് 2025) സംഘടിപ്പിച്ചു. 'ജനറേഷൻസെഡ് കാലഘട്ടത്തിലെ മൂല്യ നിർമാണം പുനർനിർവ്വചിക്കുക' എന്ന പ്രമേയത്തിൽ ഫെഗ്രോമൻ എഡ്യുക്കേഷൻ സർവീസുമായി സഹകരിച്ചാണ് ഈ വർഷത്തെ സമ്മേളനം സംഘടിപ്പിച്ചത്.

സമ്മേളനം മൗണ്ട് സെന്റ് വിസെന്റ് യൂണിവേഴ്സിറ്റി കാനഡയിലെ അന്താരാഷ്ട്ര ബന്ധവക പ്രോജക്ട് ഓഫീസർ ലിങ്കൺ സ്മിത്തും ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ചെയർമാൻ വേണുഗോപാൽ സി. ഗോവിന്ദും സംയുക്തമായി ഉദ്ഘാടനം ചെയ്തു.സമ്മേളന പ്രമേയത്തിന്റെ പാനൽ ചർച്ചയിൽ സോതി പീപിൾ മാനേജർ പ്രസിത പ്രസാദ്, സാപ്പി ഹയർ സ്ഥാപകൻ ദീപു സേവ്യർ, ഫ്രഗോമൻ മാനേജർ നാദിയ സെയ്ത്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഇന്ത്യ കൊച്ചി മുൻ ചെയർമാൻ നിഖിൽ പിന്റോ എന്നിവർ പങ്കെടുത്തു.ജനറേഷൻസെഡ് കാലഘട്ടത്തിലെ മൂല്യ നിർമാണത്തെ പുനർനിർവ്വചിക്കുന്നതിന് വേറിട്ട സമീപനങ്ങളും കാഴ്ചപ്പാടുകളും ആവശ്യമാണെന്ന് ചർച്ചയിൽ വിശദമാക്കി. ശാസ്ത്രീയ പ്രബന്ധം അവതരണ മത്സരത്തിൽ അധ്യാപകർ, ഗവേഷകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. സമ്മേളന സമാപനത്തിൽ സ്റ്റെം ക്യാഡറ്റ്സിന്റെ സ്ഥാപകൻ ഡോ. വിപിൻ വി കെ പ്രഭാഷണം നടത്തി.

# പത്തുലക്ഷം രൂപ സമ്മാനത്തുകയുള്ള ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരം സീസൺ മൂന്നിന് തുടക്കമായി

**കോട്ടയം:** ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ (ഓർമ്മ) ഇന്റർനാഷണൽ അന്താരാഷ്ട്രതലത്തിൽ വിദ്യാർത്ഥികൾക്കായി ഒരുക്കുന്ന പത്ത് ലക്ഷം രൂപ സമ്മാനത്തുകയുള്ള പ്രസംഗ മത്സരത്തിന്റെ മൂന്നാം സീസണിനു തുടക്കമായതായി ഓർമ്മ ടാലെന്റ് പ്രമോഷൻ ഫോറം സെക്രട്ടറി എബി ജെ ജോസ്, ഫിനാൻഷ്യൽ ഓഫീസർ ഷാജി ആറ്റുപുറം എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.



ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരത്തിന്റെ മൂന്നാം സീസൺ ശ്രീലങ്കയിലെ ഇന്ത്യൻ എംബസി ഫസ്റ്റ് സെക്രട്ടറി റോഷ്നി തോമസൺ ടാലെന്റ് പ്രമോഷൻ ഫോറം സെക്രട്ടറി എബി ജെ ജോസിന് ലോഗോ കൈമാറി ഉദ്ഘാടനം ചെയ്യുന്നു. പാലാ ഡി വൈ എസ് പി കെ സദൻ, ഫാ സാബു കൂടപ്പാട്ട്, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണി വയലിൽ, സാംജി പഴേപറമ്പിൽ എന്നിവർ സമീപം.

ഏപ്രിൽ 15 വരെയാണ് ഒന്നാം ഘട്ടം. ആദ്യഘട്ട മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന ജൂനിയർ സീനിയർ ക്യാറ്റഗറികളിലെ ഇംഗ്ലീഷ് മലയാളം വിഭാഗം വിദ്യാർത്ഥികളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെടുന്ന 25 വീതം വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ട മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. രജിസ്റ്റർ ചെയ്യുന്ന സമയത്ത് പഠിക്കുന്ന ഗ്രേഡ് അനുസരിച്ച് ഏഴാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ളവർക്ക് ജൂനിയർ വിഭാഗത്തിലും പതിനൊന്നാം ക്ലാസ് മുതൽ ഡിഗ്രി അവസാനവർഷം വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാം.

രണ്ടാം റൗണ്ട് മത്സരത്തിൽ മലയാളംഇംഗ്ലീഷ് ഭാഷകളിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിൽ നിന്നും വിജയികളാകുന്ന 13 വീതം വിദ്യാർത്ഥികൾ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെടും. ഫൈനൽ റൗണ്ടിന് മുന്നോടിയായി മത്സരാർത്ഥികൾക്ക് പബ്ലിക് സ്പീക്കിങ്ങിൽ പ്രത്യേക പരിശീലനം നൽകും. മത്സരവും പരിശീലന പരിപാടികളും തികച്ചും സൗജന്യമാണ്. ഓഗസ്റ്റ് 8,9 തിയതികളിൽ പാലായിലാണ് മൂന്നാം സീസണിന്റെ ഗ്രാൻഡ് ഫിനാലെ നടത്തപ്പെടുന്നത്.

ഗൂഗിൾ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ചയക്കുകയാണ് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള ആദ്യപടി. രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ സീനിയർ, ജൂനിയർ, ഇംഗ്ലീഷ്, മലയാളം മത്സരാർത്ഥികൾ ലോക സമാധാനം എന്ന വിഷയത്തെക്കുറിച്ച് മൂന്ന് മിനിറ്റിൽ കവിയാത്ത പ്രസംഗത്തിന്റെ വീഡിയോ ഗൂഗിൾഫോമിലൂടെ അപ്ലോഡ് ചെയ്യണം. ഗൂഗിൾ ഫോമിൽ വീഡിയോ അപ്ലോഡ് ചെയ്യാൻ സാധിക്കാത്ത പക്ഷം orma-speech@gmail.com എന്ന ഈമെയിലിൽ അയച്ചു നൽകാവുന്നതാണ്. വീഡിയോയുടെ തുടക്കത്തിൽ തന്നെ മത്സരാർത്ഥി പേര് കൃത്യമായി പറയണം. സാമ്പിൾ വീഡിയോ വെബ്സൈറ്റിൽ കാണാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ormaspeech.org എന്ന വെബ്സൈറ്റ് എന്ന വെബ് സൈറ്റിലും 7012606120 നമ്പരിലും ലഭ്യമാണ്.

ഗ്രാൻഡ് പ്രൈസായ 'ഓർമാ ഒറേറ്റർ ഓഫ് ദി ഇയർ 2025' പ്രതിഭയ്ക്ക് അറ്റോണി ജോസഫ് കുന്നേൽ സ്പോൺസർ ചെയ്യുന്ന ഒരു ലക്ഷം രൂപ ക്യാഷ് അവാർഡും ട്രോഫിയും പ്രശസ്തിപത്രവും സമ്മാനം ലഭിക്കും.

സീനിയർ വിഭാഗത്തിൽ മലയാളം ഇംഗ്ലീഷ് ഭാഷകളിൽ ഒന്നാം സ്ഥാനം നേടുന്ന മത്സരാർത്ഥികൾക്ക് 50,000 രൂപ വീതം ക്യാഷ് അവാർഡ് ലഭിക്കും. 30,000 രൂപ വീതമുള്ള രണ്ട് രണ്ടാം സമ്മാനങ്ങളും 20,000 രൂപ വീതമുള്ള മൂന്ന് മൂന്നാം സമ്മാനങ്ങളും 10,000 രൂപ വീതമുള്ള നാല് നാലാം സമ്മാനങ്ങളും 5000 രൂപ വീതമുള്ള മൂന്ന് അഞ്ചാം സമ്മാനങ്ങളും യഥാക്രമം നൽകും.

ജൂനിയർ വിഭാഗത്തിൽ ഇംഗ്ലീഷ്മലയാളം ഭാഷകളിലായി വിജയികളാകുന്ന മത്സരാർത്ഥികൾക്ക് 25,000 രൂപയാണ് ഒന്നാം സമ്മാനമായി ലഭിക്കുക. 15,000 രൂപ വീതമുള്ള രണ്ട് രണ്ടാം സമ്മാനങ്ങളും 10,000 രൂപ വീതമുള്ള മൂന്ന് മൂന്നാം സമ്മാനങ്ങളും 5000 രൂപ വീതമുള്ള നാല് നാലാം സമ്മാനങ്ങളും 3000 രൂപ വീതമുള്ള മൂന്ന് അഞ്ചാം സമ്മാനങ്ങളും ലഭിക്കും.

മദ്രാസ് ഹൈക്കോടതി മുൻ ആക്ടിങ് ചീഫ് ജസ്റ്റിസ് ഡോ. കെ നാരായണക്കുറുപ്പ്, ഡിആർഡിഒഎയ്റോ സിസ്റ്റംസ് മുൻ ഡയറക്ടർ ജനറൽ ഡോ. ടെസ്സി തോമസ്, അമേരിക്കയിലെ അർക്കാഡിയ യൂണിവേഴ്സിറ്റി പ്രസിഡന്റ് ഡോ. അജയ് നായർ, ഹോളി ഫാമിലി യൂണിവേഴ്സിറ്റി അക്കാദമിക് അഫേഴ്സ് വൈസ് പ്രസിഡന്റ് ഡോ. ബിന്ദു ആലപ്പാട്ട്, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. ബാബു സെബാസ്റ്റ്യൻ, മെന്റലിസ്റ്റ് നിപിൻ നിരവത്ത്, ചലച്ചിത്ര സംവിധായകൻ ലാൽ ജോസ്, കോർപ്പറേറ്റ് ട്രെയിനർ ആൻഡ് ബിസിനസ് കോച്ച് ഷമീം റഫീഖ് എന്നിവരാണ് ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരത്തിന്റെ ഉപദേശക സമിതി അംഗങ്ങൾ.

അമേരിക്കയിൽ അധ്യാപകനും മോട്ടിവേറ്റർ എഡ്യുക്കേറ്ററുമായ ജോസ് തോമസ് ചെയർമാനായുള്ള ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രൊമോഷൻ ഫോറമാണ് പ്രസംഗ മത്സരത്തിന് നേതൃത്വം നൽകുന്നത്. അറ്റോണി ജോസഫ് കുന്നേൽ, അലക്സ് കുരുവിള, ഡോ. ആനന്ദ് ഹരിദാസ്, ഡോ. ജയരാജ് ആലപ്പാട്ട്, ഷൈൻ ജോൺസൺ, എന്നിവരാണ് ഡയറക്ടർമാർ.

എബി ജെ. ജോസ് (സെക്രട്ടറി), ഷാജി അഗസ്റ്റിൻ (ഫിനാൻഷ്യൽ ഓഫീസർ) എയ്മിലിൻ റോസ് തോമസ് യൂത്ത് കോർഡിനേറ്റർ എന്നിവരാണ് മറ്റു ഭാരവാഹികൾ.

സജി സെബാസ്റ്റ്യൻ (പ്രസിഡന്റ്), ക്രിസ്റ്റി എബ്രഹാം (ജനറൽ സെക്രട്ടറി), ജോസ് ആറ്റുപുറം (ട്രസ്റ്റീ ബോർഡ് ചെയർമാൻ), റോഷൻ പ്ലാമൂട്ടിൽ (ട്രഷറർ), പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫെയർ ചെയർ വിൻസന്റ് ഇമ്മാനുവേൽ, ഓർമ കേരള ചാപ്റ്റർ പ്രസിഡന്റ് കുര്യാക്കോസ് മണിവയലിൽ എന്നിങ്ങനെ ഓർമയിലെ രാജ്യാന്തര ഭാരവാഹികളും ടീമിലുണ്ട്.

സിനർജി കൺസൾട്ടൻസിയിലെ ബെന്നി കുര്യൻ, സോയി തോമസ് എന്നിവരാണ് പ്രസംഗ പരിശീലനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ജോർജ് കരുണയ്ക്കൽ, പ്രൊഫസർ ടോമി ചെറിയാൻ എന്നിവർ മെന്റേഴ്സ് ആയി പരിപാടികൾക്ക് നേതൃത്വം നൽകും. ഒന്നാം സീസണിൽ 428 പേരും രണ്ടാം സീസണിൽ 1467 പേരും പങ്കെടുത്തിരുന്നു.

പത്രസമ്മേളനത്തിൽ ഓർമ കേരള ചാപ്റ്റർ പ്രസിഡന്റ് കുര്യാക്കോസ് മണിവയലിൽ, റെജിമോൻ കുര്യാക്കോസ് എന്നിവരും പങ്കെടുത്തു.

# ദീപ വർഗീസ് ഐസിഎഐ ദക്ഷിണേന്ത്യാ റീജിയണൽ കൗൺസിൽ സെക്രട്ടറി



**കൊച്ചി:** ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ പരമോന്നത സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ (ഐസിഎഐ) സതേൺ ഇന്ത്യാ റീജിയണൽ കൗൺസിലിന്റെ സെക്രട്ടറിയായി ദീപ വർഗീസ് ചെന്നൈയിലെ ഐസിഎഐ റീജിയണൽ ഓഫീസിൽ ചുമതലയേറ്റു.കേരളത്തിൽ നിന്ന് റീജ്യണൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ വനിതാ ചാർട്ടേഡ് അക്കൗണ്ടന്റാണ് ദീപ വർഗീസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ ദക്ഷിണേന്ത്യാ റീജിയണൽ കൗൺസിലിന്റെ എറണാകുളം ബ്രാഞ്ചിന്റെ 55 വർഷത്തിനിടയിലെ ആദ്യ വനിത ചെയർപേഴ്സണായി 2023-24 വർഷത്തിൽ അവർ സേവനമനുഷ്ഠിച്ചിരുന്നു. ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിടി)യിലെ സാമ്പത്തിക വിദഗ്ധയും മുത്തൂറ്റ് സെക്യൂരിറ്റീസ് ലിമിറ്റഡിന്റെയും കെഎസ്ഐഡിസി ലിമിറ്റഡിന്റെയും സ്വതന്ത്ര ഡയറക്ടറുമാണ് ദീപ വർഗീസ്. എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ (ഓട്ടോണമസ്) ബോർഡ് ഓഫ് സ്റ്റഡീസിലും അവർ അംഗമാണ്.

# ബാങ്ക് ഓഫ് ബറോഡ തിരുവില്വാമലയിൽ പുതിയ ശാഖ തുറന്നു



**തൃശ്ശൂർ:** ബാങ്ക് ഓഫ് ബറോഡ കേരളത്തിലെ സാന്നിധ്യം വിപുലീകരിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ തിരുവില്വാമലയിൽ പുതിയ ശാഖ പ്രവർത്തനം ആരംഭിച്ചു. എ. ആർ ഹാൻഡ്‌ലൂംസ് പാർട്ണർ അരവിന്ദ് എ, മാനേജിംഗ് പാർട്ണർ രാജ്കുമാർ ആർ. എന്നിവർ ചേർന്ന് ഉദ്ഘാടന ചടങ്ങ് നിർവ്വഹിച്ചു. ബാങ്ക് ഓഫ് ബറോഡ എറണാകുളം സോൺ ജനറൽ മാനേജരും സോണൽ ഹെഡുമായ ശ്രീജിത്ത് കൊട്ടാരത്തിൽ, തിരുവില്വാമല ബ്രാഞ്ച് മാനേജർ ടി.കെ. സിബി കുമാർ, ബാങ്ക് ഓഫ് ബറോഡ തൃശ്ശൂർ റീജിയൺ ഹെഡ് പി. വിമൽജിത്ത് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.ബാങ്ക് ഓഫ് ബറോഡയുടെ തൃശ്ശൂർ റീജിയണിലെ 56മത്തെ ശാഖയാണ് തിരുവില്വാമല പഴയന്നൂർ റോഡിലെ സുബി മാളിൽ പുതിയതായി പ്രവർത്തനം ആരാംഭിക്കുന്ന ഈ ശാഖ.




# സുസ്ഥിര വികസനം നിലനിർത്താൻ പ്രാദേശിക ഉൽപ്പാദനം വേണം: ഭാവന ബിന്ദ്ര

**കൊച്ചി:** പ്രാദേശികമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പ്രാദേശികമായി ഉത്പാദനം നടക്കുമ്പോഴാണ് സുസ്ഥിര വികസനം നിലനിർത്താനാവുകയെന്ന് ലുബ്രിസോൾ ഇന്ത്യ, മിഡിൽ ഈസ്റ്റ് ആന്റ് ആഫ്രിക്ക മാനേജിംഗ് ഡയറക്ടർ ഭാവന ബിന്ദ്ര പറഞ്ഞു.കേരള മാനേജ്മെന്റ് അസോസിയേഷൻ ഗ്രീൻ പാംസ് സസ്റ്റൈനബ്ൾ സമ്മിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.ഗേറ്റ് ഫൗണ്ടേഷൻ ഇന്ത്യ ആന്റ് ലീഡ്, സൗത്ത് ആന്റ് സൗത്ത് ഈസ്റ്റ് ഏഷ്യ കൺട്രി ഡയറക്ടർ ഹരി മേനോൻ മുഖ്യപ്രഭാഷണം നടത്തി. ലോകത്ത് പ്രതിസന്ധിയുണ്ടെങ്കിലും സാധ്യതകളും നിരവധിയാണെന്ന് അദ്ദേഹം പറഞ്ഞു.ജികോസ് മാനേജ്മെന്റ് കൗൺസിൽ അംഗം ജോസഫ് മാർട്ടിൻ ഫ്രാൻസിസ് സംസാരിച്ചു.കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. സസ്റ്റൈനബ്ൾ സമ്മിറ്റ് ചെയർമാൻ ദിലീപ് നാരായണൻ സ്വാഗതം പറഞ്ഞു.സമ്മിറ്റിന്റെ ഭാഗമായി നടന്ന പാനൽ ചർച്ചയിൽ ഡോ. സുഭാശിഷ് റേ മോഡറേറ്ററായിരുന്നു. ഇസാഫ് എം ഡി പോൾ തോമസ്, എഫ് എ സി ടി മാർക്കറ്റിംഗ് ഡയറക്ടർ അനുപം മിശ്ര, എലൈറ്റ് ഫുഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ദനേസ രഘുലാൽ, മുത്തൂറ്റ് കാപിറ്റൽ സർവീസസ് സി ഇ ഒ മാത്യൂസ് മാർക്കോസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.സസ്റ്റയ്നബ്ൾ എന്റർപ്രൈസ് പുരസ്കാരങ്ങൾ പ്ലാന്റ് ലിപിഡ്സും യു എസ് ടിയും സ്വന്തമാക്കി.ബെസ്റ്റ് സി എസ് ആർ പ്രൊജക്ടുകളായി പ്ലാന്റ് ലിപിഡ്സ്, യു എസ് ടി, നിറ്റ ജെലാറ്റിൻ ഇന്ത്യ, ഫെഡറൽ ബാങ്ക്, ശോഭ ഡവലപ്പേഴ്സ്, എ വി ടി മക്കോർമിക് ഇൻഗ്രീഡിയൻസ് എന്നിവ തെരഞ്ഞെടുക്കപ്പെട്ടു.

ഇംപാക്ട്ഫുൾ എൻ ജി ഒ ആയി ഇസാഫ് ഫൗണ്ടേഷനും സസ്റ്റെയ്നബിൾ സ്റ്റാർട്ടപ്പായി ആക്രിയുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.



# പ്രയാണ 25കെ24 സമാപിച്ചു

**കൊച്ചി:** ഐ ഇ ഇ ഇ റോബോട്ടിക്സ് ആന്റ് ഓട്ടോമേഷൻ സൊസൈറ്റി കേരള ചാപ്റ്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രയാണ 2കെ24 സമാപിച്ചു. അസിമോവ് റോബോട്ടിക്സ് മാനേജിംഗ് ഡയറക്ടർ ജയകൃഷ്ണൻ ടി ഉദ്ഘാടനം ചെയ്തു. കെഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ റോബിൻ ടോമി, ഐ ഇ ഇ ഇ സ്റ്റുഡന്റ് പ്രതിനിധി അമൃത, പ്രൊഫ. മുഹമ്മദ് കാസിം, ഐ ഇ ഇ ഇ കേരള സെക്ഷൻ വൈസ് ചെയർമാൻ ഡോ. ഗിലേഷ് എം പി, സെക്രട്ടറി ഡോ. അരുൺ പി എന്നിവർ പ്രസംഗിച്ചു.

# മഞ്ച് ചോക്കോ ഫിൽസുമായി നെസ്‌ലെ ഇന്ത്യ

**കൊച്ചി:** ബ്രേക്ക്ഫാസ്റ്റ് സിറിയൽ വിഭാഗത്തിൽ മഞ്ച് ചോക്കോ ഫിൽസ് അവതരിപ്പിച്ച് നെസ്‌ലെ ഇന്ത്യ. ഫീൽ ഗുഡ് ബ്രേക്ക്ഫാസ്റ്റ് ആഗ്രഹിക്കുന്ന ഉപഭോഗ്താക്കൾക്ക് ഉള്ളിൽ ചോക്ലേറ്റ് ഫില്ലിംഗോടെയും പുറമെ ക്രഞ്ചിയുമായ മഞ്ച് ചോക്കോ ഫിൽസ് ബ്രേക്ക്ഫാസ്റ്റ് കൂടുതൽ ആസ്വാദ്യകരവും രസകരവുമാക്കുന്നുവെന്ന് നെസ്‌ലെ ഇന്ത്യയുടെ ബ്രേക്ക്ഫാസ്റ്റ് സിറിയൽസ് ഡയറക്ടർ വരുൺ സേതുരാമൻ പറഞ്ഞു.നിറയെ മിൽക്ക് ചോക്ലേറ്റ് ഫില്ലിംഗോടുകൂടിയ നെസ്‌ലെ മഞ്ച് ചോക്കോ ഫിൽസ് ഉള്ളിൽ ക്രഞ്ചിയും പുറത്ത് മെൽറ്റിയുമാണ് എത്തുന്നത്.സന്തോഷപൂർവം ദിവസം ആരംഭിക്കുന്നതിനായി രസകരവും രുചികരവുമായ ബ്രേക്ക്ഫാസ്റ്റ് ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് വേണ്ടിയാണ് മഞ്ച് ചോക്കോ ഫിൽസ് അവതരിപ്പിച്ചിരിക്കുന്നതെന്നും നിലവിലുള്ള മഞ്ച് സിറിയൽ വിഭാഗത്തിലേക്ക് മഞ്ച് ചോക്കോ ഫിൽസ് ചേർക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്നും വരുൺ സേതുരാമൻ പറഞ്ഞു.




# എഐ ഇന്ത്യയുടെ വളർച്ചാ എൻജിനാകും, ജിഡിപിക്ക് വേഗത ലഭിക്കും: ആകാശ് അംബാനി

**മുംബൈ:** ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ഈ തലമുറയിലെ ഏറ്റവും വലിയ മാറ്റമെന്ന് വിശേഷിപ്പിച്ച് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ചെയർമാൻ ആകാശ് അംബാനി . ജിയോ വേൾഡ് സെന്ററിൽ നടന്ന 'മുംബൈ ടെക് വീക്ക് 2025'ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.എഐ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ പ്രധാന വളർച്ചാ എഞ്ചിനായി മാറുമെന്നും വരും വർഷങ്ങളിൽ രാജ്യം 10 ശതമാനം അല്ലെങ്കിൽ ഇരട്ട അക്ക വളർച്ച കൈവരിക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡ്രീം 11 സിഇഒ ഹർഷ് ജെയിനുമായുള്ള ഒരു ഫയർസൈഡ് ചാറ്റിനിടെ, ഭാവിക്ക് എഐ എത്രത്തോളം പ്രധാനമാണെന്ന് ആകാശ് അംബാനി എടുത്തു പറഞ്ഞു.

എഐ രംഗത്ത് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി 1,000ലധികം ഡാറ്റാ ശാസ്ത്രജ്ഞർ, ഗവേഷകർ, എഞ്ചിനീയർമാർ എന്നിവരടങ്ങുന്ന ഒരു ടീമിനെ തങ്ങളുടെ കമ്പനി രൂപീകരിച്ചിട്ടുണ്ടെന്ന് അംബാനി പറഞ്ഞു. രാജ്യത്തിന്റെ എഐയെ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്ന ഒരു ജിഗാവാട്ട് ശേഷിയുള്ള ഡാറ്റാ സെന്റർ ജാംനഗറിൽ കമ്പനി നിർമ്മിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയെ എഐയിൽ മുന്നോട്ട് നയിക്കാൻ മൂന്ന് അടിസ്ഥാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് ജിയോ ചെയർമാൻ പറഞ്ഞു: എഐ ഇൻഫ്രാസ്ട്രക്ചർ, ഗവേഷണവും വികസനവും, നൈപുണ്യമുള്ള പ്രതിഭകൾ. ഇന്ത്യയിൽ ഡിജിറ്റൽ, എഐ ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതിന് തുടർച്ചയായ നിക്ഷേപം ആവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

സാങ്കേതികവിദ്യയുടെ കാര്യത്തിൽ നമ്മൾ പിന്നോക്കം നിൽക്കുന്ന കാഴ്ചപ്പാടിൽ ചിന്തിച്ചിരുന്ന കാലം കഴിഞ്ഞു. സാങ്കേതികവിദ്യ അതിവേഗം സ്വീകരിക്കാനും രാജ്യത്തിന്റെ പ്രയോജനത്തിനായി ഉപയോഗിക്കാനും കഴിയുന്ന മുൻനിര രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ എന്ന് നമ്മൾ ലോകത്തിന് മുന്നിൽ തെളിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

